

# ma

PUBLISHED BY: THE ALUMNI ASSOCIATION
BISHOP MOORE COLLEGE, MAVELIKARA
NOVEMBER 2018

Kannattu Gold L


കണ്ണാട്ട് സ്വർണ്ണപണയ

Kannattu Finance

കണ്ണാട്ട് ബിൽഡിംഗ്, എഞ്ചിനീയറിംഗ് കോളേജ് ജംഗ്ഷൻ ചെങ്ങന്നൂർ. PH: 0479 2452609

ബ്രാഞ്ചുകൾ : കായംകുളം, മാവേലിക്കര, ഹരിപ്പാട്, പുല്ലുക്കുളങ്ങര, എടത്വ, കോട്ടയം

# ALUMNI ASSOCIATION
## BISHOP MOORE COLLEGE



**BISHOP MOORE COLLEGE**
**KALLUMALA P.O., MAVELIKARA - 690 110**

PH: OFFICE: 2303260, PRINCIPAL: 2303230, FAX: 0479 2303230

e-mail: bpmoorecollege@gmail.com
website: www. bishopmoorecollege.in

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

alumna [അ്ലമ്നെ] *n*
*pl* alumnae [അ്ലമ്നീ]
= *a female former student of a school, college or university.*

alumnus [അ്ലമ്നെസ്] *n*
*pl* alumni [അ്ലമ്നൈയ്]
= *a male former student of a school, college or university.*

alumni *pl* [അ്ലമ്നൈ]
= *male and female former students of an institution.*

## ALUMNI ASSOCIATION OFFICE BEARERS 2017-2018

PATRON
**DR. JACOB CHANDY**

PRESIDENT
**DR. SABU GEORGE**

IMMEDIATE PAST PRESIDENT
**PROF. KOSHY NINAN**

VICE PRESIDENTS
**B. SOMASEKHARAN UNNITHAN**
**IYPE JOHN**
**P. GOPAKUMAR**

GENERAL SECRETARY
**RAJESH THAZHAKARA**

ORGANIZING SECRETARY
**K.L. HARIBABU**

JOINT SECRETARIES
**ADV. RAMAKRISHNAN UNNITHAN K.**
**P.K. THULASIDAS**
**DR. LYNNETTE JOSEPH**

TREASURER
**PROF. ROBERT RAJU**


ADVISORY BOARD CHAIRMAN
**PROF. V.C. JOHN**

ADVISORY BOARD VICE CHAIRMAN
**PROF. V.I. JOHNSON**

CO-ORDINATOR
**PROF. CIGI P. GEORGE**

EXECUTIVE COMMITTEE MEMBERS

**THOMAS OOMMEN**
**PROF. M.K. SAMUEL**
**V.K. RAJENDRAN**
**ADV. K.R. MURALEEDHARAN**
**JACOB IDICULLA**
**P.B. SOORAJ**
**THULASIDAS D.**
**P.R. JAYAPRAKASH**
**ADV. SINIL MUNDAPPALLY**
**K.P. XAVIOR**
**DR. DIVYA S.**
**SATHI KOMALAN**
**ADV. ANNIE OOMMEN**
**SHYLAJA RAJAGOPAL**
**MERCY PAUL**
**PROF. BESSY MARY PHILIP**
**THOMAS K. SAMUEL**



THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# ഒറ്റനോട്ടത്തിൽ

## എന്താണ് ഈ **'മാ'?**

- **MA**   **Moore Alumni** യുടെ ചുരുക്കപ്പേര്
  Name of the magazine published by
  Mavelikara Bishop Moore College Old Students Association.
- **MA**   (Noun) Short form for Mamma (Advanced Learners Dictionary)
- **MA**   (Stands for) Our Alma Mater (alma ma:t (r) )
  Latin expression literally means Bountiful mother, benign mother.
  മാതൃവിദ്യാലയം, പൂർവ്വവിദ്യാർത്ഥികൾ
  സ്വന്തം സ്ക്കൂളിനേയോ സർവ്വകലാശാലയേയോ പരാമർശിക്കാൻ
  ഉപയോഗിക്കുന്ന പദം
  (ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം ഡിക്ഷനറി- ടി. രാമലിംഗംപിള്ള)
- **MA**   **Meet Again** (നാം പരസ്പരം പിരിയുമ്പോൾ നടത്തുന്ന ആഹ്വാനം)
- **MA**   **Mother Adores** (You)
- **മ**   (നാമം) ബ്രഹ്മാവ്, വിഷ്ണു, ശിവൻ (ശബ്ദതാരാവലി)
- **മ**   ഈ അക്ഷരത്തിന് ശ്രീ (ഐശ്വര്യം) മാതാവ്, എന്നീ അർത്ഥങ്ങൾ ഉണ്ടെന്ന്
  അഗ്നിപുരാണം, 348-ാം അദ്ധ്യായത്തിൽ കാണുന്നു
  (പുരാണിക് എൻസൈക്ലോപീഡിയ)
- **മാ**   (വിശേഷണം) മഹാ, ശ്രേഷ്ഠമായ (മാമുനി),
  വലുതായ (മാമല) (നാമം) ലക്ഷ്മീദേവി, സമ്പത്ത്, മാതാവ്, ജ്ഞാനം (തമിഴ്)
  അഴക്, അളവ്, മാവ്, കുതിര, വയൽ (ശബ്ദതാരാവലി)
- **മാ**   അരുത് എന്ന അർത്ഥത്തെ കുറിക്കുന്ന ഒരു അവ്യയം (സംസ്കൃതം).
  ഉദാ: മാ നിഷാദ. തിന്മയെ വിലക്കാനുള്ള മാർഗം. മാനവൻ, മാതൃക, മാനം, മാർഗ്ഗം
  ഇവയൊക്കെ **മാ**യിൽത്തന്നെ തുടങ്ങുന്നു.
- **മ**   അമ്മ (മാതാ) എന്നവാക്ക് ലോകത്തിൽ ഏറ്റവുമധികം ഭാഷകളിലും
  'മ'(M)യിൽ ആരംഭിക്കുന്നു.

**Prof. V.C. John**

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# 'മാ'

## ഉള്ളടക്കം


## EDITORIAL BOARD

MANAGING EDITOR

**PROF. V.C. JOHN**

CHIEF EDITOR

**B. SOMASEKHARAN UNNITHAN**

ASSOCIATE EDITOR

**K.L. HARIBABU**

MEMBERS

**DR. JACOB CHANDY** (PRINCIPAL)

**DR. SABU GEORGE** (PRESIDENT)

**RAJESH THAZHAKARA** (SECRETARY)



PUBLISHED BY

**BISHOP MOORE COLLEGE ALUMNI ASSOCIATION, MAVELIKARA**

**TRI MONTHLY PUBLICATION**

PUBLISHER'S NAME

**DR. SABU GEORGE** (PRESIDENT))



1. ഇടശ്ശേരി എന്ന ഹ്യൂമനിസ്റ്റ് ........ 11
   *ഡോ. ബീന എം.കെ.*

2 നേതാക്കന്മാർ ........ 14
   *ഡോ. ചേരാവള്ളി ശശി*

3. തല്ലും ഭള്ളും നിറഞ്ഞ ശുഭാരംഭങ്ങൾ ........ 15
   *അലക്സ് വള്ളികുന്നം*

4. ബൈസ്റ്റാൻഡർ ........ 17
   *എം. രാജേന്ദ്രപ്രസാദ്*

5. മാനവികതയുടെ മാനങ്ങൾ ........ 22
   *ഐപ്പ് സി. വർഗ്ഗീസ് പരിമണം*

6. Tax Facts ........ 23
   *G. Dileep Kumar CA.*

7. ഉയിർ തേടി ........ 25
   *ബിന്ദു ആർ. തമ്പി*

8. Verdict against Harthal ........ 27
   *Adv. Koshy Jacob*

9. വി.സി. എന്ന വി.സി. ജോൺ ........ 29
   *കെ.എൽ. ഹരിബാബു*



COVER LAY OUT AND ILLUSTRATION

**PROF. V.C JOHN**

PAGE LAYOUT AND PRINTING

**Johnson PRESS, Thattarambalam**

Mob: 8281 35 2727, 8281 34 2727
johnsononlinepress@gmail.com



മാവേലിക്കര ബിഷപ്പ്മൂർ കോളേജ്
പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ മുഖപത്രം

# പത്രാധിപക്കുറിപ്പ്

ഈ ഡിജിറ്റൽ യുഗത്തിൽ ഇടതടവില്ലാതെ ഒഴുകുന്ന ധ്വനി സമൃദ്ധമായ വാക്കുകളിലൂടെ ഒരു പുതിയ വായനാനുഭവം നമുക്ക് ഉണ്ടാവേണ്ടതുണ്ട്. അതിലൂടെ മാത്രമേ അന്യമായിക്കൊണ്ടിരിയ്ക്കുന്ന ശ്രേഷ്ഠമായ മാനവിക ബന്ധങ്ങളെ അരക്കിട്ട് ഉറപ്പിക്കുന്ന വായനയെ നമുക്ക് തിരിച്ച് പിടിക്കാൻ കഴിയുകയുള്ളു.

ഇരുളടഞ്ഞ വീഥികളിൽ പൊൻ വെളിച്ചം പകരാനും നേരായ ദിശാ ബോധം നൽകാനും അതുവഴി മനസ്സിൽ നിലാമഴ പെയ്യിക്കാനും നല്ലൊരു വായനയ്ക്ക് കഴിയും, തീർച്ച. അതിലേക്ക് നമ്മേ നയിക്കുന്ന ഒരു സുഹൃത്തും വഴി കാട്ടിയുമായിത്തീരട്ടെ 'മാ' യുടെ ഈ ലക്കവും.

ജീവിതാനുഭവങ്ങളുടെ ഊഷര ഭൂമിയിൽ നമുക്ക് വായനാനുഭവത്തിന്റെ ഒരു പച്ചത്തുരുത്ത് തീർക്കാം. നമ്മിൽ ഓരോരുത്തരുടേയും സർഗ്ഗാനുഭവ പീലി വിടർത്തിടട്ടെ. മികവുറ്റ കലാസൃഷ്ടികൾ പൊട്ടി മുളയ്ക്കട്ടെ. അങ്ങനെ ആയിരമായിരം പുത്തൻ പൂവുകൾ വിടരട്ടെ.

ഒരു കാലഘട്ടത്തിലെ കലാലയ ജീവിതത്തിന്റെ തിരുശേഷിപ്പുകൾ യാഥാർത്ഥ്യവും ഭാവനയും ചാലിച്ച് വർണ്ണാഭമായി അക്ഷരങ്ങളിലൂടെ പകർന്നു നൽകുമ്പോൾ വർത്തമാനകാല തലമുറയ്ക്കും ഊർജ്ജമായിത്തീരട്ടെ.

നിറഞ്ഞ വായനയിൽ തെളിഞ്ഞ മനസ്സോടെ നിങ്ങളോരോരുത്തരിലും സ്നേഹത്തിന്റെ ഇഴയടുപ്പത്തിന്റെ സുന്ദരമായ ഒരിടം സൃഷ്ടിക്കാനുള്ള ഈ എളിയ ശ്രമത്തിൽ നിങ്ങളുടെയെല്ലാം സ്നേഹവും സഹകരണവും പ്രതീക്ഷിയ്ക്കട്ടെ.

**ബി. സോമശേഖരൻ ഉണ്ണിത്താൻ**
ചീഫ് എഡിറ്റർ

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA



# പ്രസിഡന്റിന്റെ കത്ത്

2018 ബിഷപ്പ് മൂർ കോളജിന് അഭിമാനിക്കാൻ വളരെയുണ്ട്. അക്കൂട്ടത്തിൽ മികവിന് ലഭിച്ച വലിയ അംഗീകാരമാണ് എൻ.ഐ.ആർ.എഫിലെ ഇന്ത്യയിലെ 92-ാം സ്ഥാനം. ഭാരതത്തിലെ മികച്ച നൂറ് സ്ഥാപനങ്ങളിൽ നമ്മുടെ കോളജ് ഇടം പിടിച്ചതിൽ സന്തോഷിക്കുന്നതോടൊപ്പം പരിമിതികളെ അതിജീവിച്ച് കുതിപ്പിന് നേതൃത്വം നൽകുന്ന പ്രിൻസിപ്പൽ ഡോ. ജേക്കബ് ചാണ്ടി സാറിനേയും സഹപ്രവർത്തകരേയും ഹൃദയംഗമമായി അഭിനന്ദിക്കുന്നു.

സമൂഹത്തിലെ മാറ്റത്തിന്റെ പ്രതിഫലനം കലാലയങ്ങളിലും പ്രകടമാകുക സ്വാഭാവികമാണ്. എന്നാൽ ധാർമ്മികതയും മൂല്യബോധവും നഷ്ടപ്പെടാതെ തലമുറകളെ വാർത്തെടുക്കുവാൻ മനപ്പൂർവ്വമായ ശ്രമം തന്നെ വേണ്ടിയിരിക്കുന്നു. പാഠ്യ പദ്ധതിയിൽ ഇതൊന്നും ഉൽപ്പെടാറില്ലല്ലോ.

'മാ'യുടെ ഈ ലക്കം കൈകളിലെത്തുമ്പോൾ ഗൃഹാതുരത്വം വീണ്ടും ഉണരുമെന്നതിലെനിക്ക് സംശയം ഇല്ല. 'ഇന്നലെ'കളെക്കുറിച്ചുള്ള നല്ല ഓർമ്മകൾ നമ്മെ പ്രത്യാശയുടെ 'നാളെ'കളിലേക്ക് നയിക്കട്ടെ. ഓരോ ലക്കവും പ്രസിദ്ധീകരിക്കുന്നതിനു പിന്നിൽ പത്രാധിപസമിതിയുടെ പരിശ്രമം നന്ദിപൂർവ്വം സ്മരിക്കുന്നു. വാർഷിക സമ്മേളനത്തിൽ എല്ലാവരേയും നേരിൽ കാണാമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ വിരമിച്ച ചില അധ്യാപകരേയും, പൂർവ്വ വിദ്യാർത്ഥികളേയും പ്രളയം ബാധിച്ചുവെന്ന് അറിയാമല്ലോ. അതിജീവനത്തിനുള്ള അവരുടെ എല്ലാ പ്രയത്നങ്ങൾക്കും നമ്മുടെ ആത്മാർത്ഥമായ പിന്തുണ ഉണ്ടാകണം.

നവകേരള ആശംസകളോടെ

**ഡോ. സാബു ജോർജ്ജ്**

പ്രസിഡന്റ്



THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# *From the Principal's Desk*

**Alumni** are the treasure of any educational institution. Bishop Moore College is proud of all its alumni and their contributions to the dynamic World. I am happy to understand that the Alumni association of our College is coming out with yet another issue of 'MA'. Please take this as an opportunity for retrospection and a time for discerning about the future agenda. Celebration denotes the joy and gratification of things already achieved. A retrospection is essential for understanding our strengths and weaknesses. Discernment is actually the wisdom to see through the celebrations and retrospections which will lead us to the formulation of the right kind of agenda. Relevance and significance of any agenda is a challenge to all educationalists in the present world context. Irrelevant, insignificant and outdated approaches regarding anything will spoil all good intentions. Along with good intentions we need right direction and far sightedness. Problems may arise but are occasions to put our heads together to find solutions. Every hurdle will make the one who faces it sharper and stronger.

The college management ensures full backing to make the association more appropriate and momentous. I take this opportunity to express my gratitude to all our dear alumni who took pain to bring out this issue of MA. I earnestly appeal your wholehearted support in all our forthcoming endeavors.

Thank you

**Dr. Jacob Chandy**
Principal

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA


## THEY LED US




**Rev. Prof. K.C. Mathew**

Founder Principal (1964-1989) Bishop Moore College, Mavelikara

And the following Principals carried forward the tradition.



**Prof. M.K. Cheriyan**
1989-1996




**Prof. Mammen Varkey**
1996-2001




**Late Prof. Victor Sam**
2001-2005



**Prof. Koshy Ninan**
2005-2009



**Dr. Mathew Koshy**
2009-2011



**Dr. Kurien Thomas**
2011-2012




**Dr. Thomas Kuruvilla**
2012-2014



**Dr. Leelama George**
2014-2015



**Dr. Sabu George**
2015-2017



**Dr. Jacob Chandy**
The Present Principal

# അഭിനന്ദനങ്ങൾ!

ഇക്കഴിഞ്ഞ കേരളാ
യുണിവേഴ്സിറ്റി പരീക്ഷയിൽ
റാങ്ക് കരസ്ഥമാക്കിയ
ബിഷപ്പ്മൂർ കോളജ്
വിദ്യാർത്ഥികൾക്ക്
അഭിനന്ദനങ്ങൾ!

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA



**Ms. Riya Mary Cheriyan,** B.Sc. Botany & Bio-Technology - **FIRST RANK**

D/o. : Sri. Cheriyan Varghese & Smt. Reena Varghese
Pantankari, Anchil, Edathua



**Ms. Shruthy Prabhakar,** M.Sc. Physics - **THIRD RANK**
Husband : Sreekumar S.
D/o. : Sri. N. Prabhakaran Pillai & Smt. Indiramma R.
Illampallil House, Komalloor P.O., Charumood



**Ms. Liya Merin Stanly,** B.Sc. Botany & Bio-Technology - **THIRD RANK**

D/o. : Sri Stanlymon K.J. (Late) & Smt. Been Lalymon C.
(H.M, CMSLPS, Nalumnakkal)
Karikkarappally Anns Cottage, Nalunnakkal P.O., Vakathanam, Ktym.



**Ms. Aswathy S. Babu,** B.Sc. Botany & Bio-Technology - **FOURTH RANK**

D/o. : Sri. N. Chandra Babu & Smt. Shylaja
Kunnethu House, Pathiyoor West, Kareelakulangara P.O., Kayamkulam



**Ms. Rakhi R.,** B.Sc. Botany - **SIXTH RANK**

D/o. : Sri. Rajendran G. & Smt. Raji S.
Kadayil Chirayil, Kandalloor South, Kayamkulam



**Dr. Aswani Mohan,** M.Sc. Analytical Chemistry - **THIRD RANK**
(Guest Lecturer, S.N. College, Nangiarkulangara)

D/o. : Sri. G. Mohanan & Smt. S. Leela, Thongayil Thekkathil,
Thulamparambu North, Mannarsala P.O., Haripad

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# അഭിനന്ദനങ്ങൾ!

ഇക്കഴിഞ്ഞ കാലങ്ങളിൽ
നേട്ടങ്ങൾ കൈവരിച്ച
പൂർവ്വവിദ്യാർത്ഥികൾക്ക്
സ്നേഹപൂർവ്വമായ
അഭിനന്ദനങ്ങൾ!



**Sri. Saji Cheriyan** (Life Member)
He has been elected as *MLA from the Chengannur Constituency,* by-Election 2018

Wife : Smt. Christeena S. Cheriyan
Children : Nithya S. Cheriyan, Drishya S. Cheriyan, Shravya S. Cheriyan

Ph : 9447069379 e-mail: sajithengumtharayil@gmail.com



**Sri. Abey John,** *Deputy Transport Commissioner, Kerala* (South Zone)
and Award winner of Transport Medal of Chief Minister in 2012 (Life Member)

Wife : Smt. Mini A. John
Children : Anjali A. John, Akhil A. John

Ph : 9447069669, e-mail: abeyjohn@gmail.com



**Sri. P.B. Sooraj,** *Mavelikara Block Panchayath Member* (Life Member)

Wife : Smt. Manju Sooraj
Children : Devika Sooraj, Nandhika Sooraj

Ph : 9446919985, 9656413985



**Sri. Sreejith S.,** *Mavelikara Block Panchayath Member* (Life Member)

Wife : Smt. Vidhya Bhasker
Children : Medini Chandrika V.S., Medura V.S., Chandradas V.S.

Ph : 9349002625



**Sri. Xavier K.P.,** *Chennithala Thripperumthura Grama Panchayath Member*
(Life Member)

Wife : Smt. Tinu Varghese
Children : Anna Xavier, Alan Xavier
Ph : 9747908880



**Sri. K.G. Mukundan,** *Special Correspondent &*
***Bureau Chief Mathrubhumi Daily, Trissur*** (Life Member)
Wife : Smt. Lekha Mukundan
Children : Sabarinath P.M, Shankarnath P.M.

Ph : 9447274952, E-mail: kgmuku@gmail.com

ലേഖനം



# ഇടശ്ശേരി എന്ന ഹ്യൂമനിസ്റ്റ്

ഡോ. ബീന എം.കെ.

ബാഹ്യ യാഥാർത്ഥ്യങ്ങളിൽ നിന്ന് കരുത്തും ഊർജ്ജവും ഉൾക്കൊണ്ട് ആത്മവത്തയെ കണ്ടെത്തിയ കവിയാണ് ഇടശ്ശേരി ഗോവിന്ദൻ നായർ. കാൽപ്പനിക കാലഘട്ടത്തിൽ കവിതയെഴുതുമ്പോഴും കാൽപ്പനികതയുടെ തരള ഭാവങ്ങൾക്ക് അടിപ്പെടാതെ ജീവിത യാഥാർത്ഥ്യങ്ങളെ അവയുടെ മുഴുവൻ പാരുഷ്യത്തോടെയും ആവിഷ്കരിക്കാൻ കഴിഞ്ഞ കവിയാണ് അദ്ദേഹം. ഇടശ്ശേരിക്ക് എന്നും പ്രചോദനമായിരിന്നിട്ടുള്ളത് മനുഷ്യന്റെ ജീവിത പ്രശ്നങ്ങളാണ്. സഹജീവി സ്നേഹത്തിന്റെ കവിതകളാണ് അദ്ദേഹം രചിച്ചിട്ടുള്ളത്. ഇടശ്ശേരി ഒരു പൂർണ്ണ ഹ്യൂമനിസ്റ്റാണ്.



ഹ്യൂമനിസ്റ്റുകൾ ഈശ്വരനേക്കാൾ ആരാധിക്കുന്നത് മനുഷ്യനെയാണ്. മനുഷ്യന്റെ അമേയമായ മഹത്വവും സിദ്ധിയും അധികാരവും അംഗീകരിക്കുന്നവരാണവർ. ദൈവവും മതവും മനുഷ്യ സൃഷ്ടങ്ങളാണെന്ന് അവർ വിശ്വസിക്കുന്നു. യുക്തി വിചാരണത്തിന് പിടികിട്ടാത്ത ഒരു പ്രകൃതി ശക്തിയും ജീവിതത്തെ നിയന്ത്രിക്കുന്നതിനായി ഇവർ വിശ്വസിക്കുന്നില്ല. ഹ്യൂമനിസ്റ്റുകളെ സംബന്ധിച്ചിടത്തോളം വിധി വാദം അർത്ഥശൂന്യമാണ്. മനുഷ്യ ജീവിതത്തെ അടിസ്ഥാനമാക്കാത്ത ഒരു മൂല്യത്തിനും നിലനിൽപ്പില്ലെന്ന് അവർ വിശ്വസിക്കുന്നു. സുന്ദരവും ആരോഗ്യവും ഭദ്രവുമായ ഒരു സാമൂഹ്യ ജീവിതമാണ് ഹ്യൂമനിസത്തിന്റെ ലക്ഷ്യം.

മനുഷ്യനോടുള്ള ആഭിമുഖ്യം, മാനുഷിക പ്രശ്നങ്ങളിലുള്ള അഭിനിവേശം - ഇവ ഇടശ്ശേരിയെ ഒരു ഹ്യൂമനിസ്റ്റാക്കുന്നു. സ്വന്തം തെറ്റുകൾ പൊറുക്കാതെ അന്യന്റെ തെറ്റുകൾക്ക് മാപ്പു കൊടുക്കാനുള്ള മഹാമനസ്കത, അന്യന്റെ തെറ്റുകൾ സ്വന്തം തലയിലേറ്റി പ്രായശ്ചിത്തം ചെയ്യാനുള്ള സന്നദ്ധത എന്നിവ ഇടശ്ശേരിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. ഈ മനുഷ്യ വർഗ്ഗ സ്നേഹമാണ് അദ്ദേഹത്തിന്റെ കവിതകളുടെ ചൈതന്യം.

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

ഈശ്വര വിശ്വാസിയായ കവി, വിശപ്പിനെയും, സ്നേഹശൂന്യതയെയും വിഷയമാക്കേണ്ടി വരുമ്പോൾ ആസ്തിക സാധാരണമായ വിനയവും തത്ത്വശാസ്ത്രങ്ങളുടെ നേർക്കുണ്ടാവേണ്ട ബഹുമാനവും നഷ്ടപ്പെട്ടവനായി മാറുന്നുവെന്ന് തുറന്നു പറയുന്നുണ്ട്. ആചാരപരമായ ഒരാദരവിനു വേണ്ടി ദാർശനികരെയോ അവരുടെ വീക്ഷണങ്ങളെയോ സമ്മതിച്ചു കൊടുക്കുവാൻ തയ്യാറല്ലെന്ന വിട്ടുവീഴ്ചയില്ലായ്മ ഇടശ്ശേരിയുടെ ജീവിതത്തിലും കവിതയിലും പ്രകടമായി കാണാം. ആചാര്യന്മാർ പറയുന്നതു കൊണ്ട് ഒരാദർശവും മഹനീയമാവുമെന്ന് അദ്ദേഹം കരുതുന്നില്ല. മറിച്ച് അത് മനുഷ്യന് എത്രത്തോളം ഉപകരിക്കുമെന്നതിലാവണം മഹത്വത്തിന്റെ മാനദണ്ഡം എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അതൊരു യഥാർത്ഥ ഹ്യൂമനിസ്റ്റിന്റെ - മനുഷ്യ സ്നേഹിയുടെ - നിലപാടാണ്.

“ദൈവത്തെക്കൊണ്ടു പാവിട്ടും

മനുഷ്യനൂടായുമങ്ങിനെ

നെയ്തു വച്ചോരു ………” ചിര സുന്ദരമായ സാമൂഹ്യ ജീവിതത്തെപ്പറ്റിയുള്ള സങ്കല്പനമാണ് കവിയുടേത്. മനുഷ്യനും ദൈവവും ഊടും പാവുമായി സങ്കൽപ്പിക്കുന്ന കവി ഒന്നിനു വേണ്ടി മറ്റതിനെ നശിപ്പിക്കുവാൻ പറ്റില്ലെന്ന് വിശ്വസിക്കുന്നു. ഈശ്വരനെയും മനുഷ്യനെയും അതീവ ശ്രദ്ധയോടെ തുന്നിപ്പിടിപ്പിച്ചതാണ്. എങ്കിലും ഈശ്വരനെക്കാൾ മനുഷ്യന്റെ നന്മയിലും തിന്മയിലും ഇടശ്ശേരി വിശ്വാസമർപ്പിക്കുന്നു. അദ്ദേഹത്തിന്റെ മാനുഷിക ഭാവം ഇത്തരത്തിലുള്ളതാണ്.

മനുഷ്യനിലെ നന്മ തന്നെയാണ് അവനന്വേഷിക്കുന്ന ഈശ്വരൻ. “ആത്മാവിൽ പറ്റിപ്പിടിച്ചു നിൽക്കുന്ന തൊപ്പകളെല്ലാം പറിച്ചു നീക്കു, അപ്പോൾ കാണാം ജന്മനാ ഏതു മനുഷ്യനും നല്ലവനാണെന്ന്”. മനുഷ്യൻ സുന്ദരനും സൂക്ഷ്മ വിശകലനത്തിൽ അവൻ നന്മ തന്നെയാണെന്നും കണ്ടെത്തുന്ന കവി ഹ്യൂമനിസ്റ്റു ചിന്തയുടെ അപാരമായ ഒരു തലത്തിലാണ് നിലകൊള്ളുന്നത്:-

“മർത്ത്യൻ സുന്ദരനാണു, കാരണമുയിർ-
ക്കൊള്ളും വികാരങ്ങൾ തൻ
നൃത്യത്തിന്നുമുതിർക്കുവാൻ സ്വയമണി
ഞ്ഞിട്ടോരരങ്ങാണവൻ
അത്യന്തം കമനീയമേ, മഹിതമായാലും
മറിച്ചാകിലും
തൻഭാവങ്ങളെ പൂർണ്ണമാണളവുകോ-
ലെന്നുള്ള കാലം വരെ”.

ഇടശ്ശേരിയുടെ വേദ- ധർമ്മ- ശാസ്ത്രബോധങ്ങളെല്ലാം മനുഷ്യനോട് മാത്രമാണ് ബന്ധപ്പെടുന്നത്. “മാനവവംശ മഹാകഥ വേദം

മർത്ത്യ സ്നേഹം ധർമ്മം

മനുജകുലം തൻ തന്റെ കുടുംബം

മതമോ ശാസ്ത്രജ്ഞാനം” - മനുഷ്യോന്നമനം എന്നതു കൊണ്ട് ജീവിതത്തിന്റെ സ്വാഭാവിക ലക്ഷ്യപ്രാപ്തി എന്നാണ് കവി ഉദ്ദേശിക്കുന്നത്. താൻ ജീവിക്കുകയും ഒപ്പം

സഹോദരന്മാരെ സഹായിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ അദ്ദേഹം വിഭാവനം ചെയ്യുന്നു. സ്വന്തം വേദനകളെ വിഴുങ്ങുകയും അന്യരുടെ വേദനകളിൽ അനുതാപം പുലർത്തുന്ന ജീവിതത്തെയാണ് ഒരു ഉന്നത ജീവിതം എന്ന് കവി വിളിക്കുന്നത്. മാനവ കുലത്തെ മുഴുവൻ കുടുംബമായി കാണുന്ന ഇടശ്ശേരി, ക്രിസ്തുവിന്റെ ത്യാഗത്തെപ്പോലെ ഹൃദയസ്പർശിയായ മറ്റൊരു ബലിയില്ല എന്ന് 'കാവിലെപ്പാട്ട്'' ന്റെ ആമുഖത്തിൽ പറയുന്നു. മർത്ത്യ സ്നേഹം ധർമ്മമാക്കിയിട്ടുള്ളവനും മഹാവീര്യമുള്ളവനും മാത്രമേ മനുഷ്യർക്കായി - ലോകജനതയ്ക്കായി - അത്തരമൊരു ത്യാഗം ചെയ്യാനാവൂ എന്ന് കവി ആഹ്വാനം ചെയ്യുന്നു.

മനുഷ്യനായതു കൊണ്ടായില്ല, മനുഷ്യത്വപരമായി പെരുമാറാനും ജീവിക്കാനും സാധിച്ചാൽ മാത്രമേ കാലവും ചരിത്രവും ഒരുവനെ അടയാളപ്പെടുത്തൂ. തന്നെപ്പോലെ വ്യക്തിത്വവും സ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും തനിക്കൊപ്പം കഴിയുന്നവർക്കും ഉണ്ടെന്ന് അംഗീകരിക്കാൻ കഴിയാത്തവൻ മാനവ കുലത്തിന് ഭീഷണിയാണെന്ന് തിരിച്ചറിഞ്ഞ ക്രാന്തദർശിയായ കവി - ഇടശ്ശേരി ഗോവിന്ദൻ നായർ - ഉദാത്തമായ ഹ്യൂമനിസ്റ്റ് ചിന്തയുടെ വക്താവായി മാറുന്നു.

*(ഡോ. ബീന എം. കെ., കായംകുളം എം. എസ്. എം. കോളേജ് മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായി സേവനം അനുഷ്ഠിക്കുന്നു, ഭർത്താവ് ഡോ. പ്രകാശ് വി. ഇക്കണോമിക്സ് വകുപ്പ് മേധാവി ഡി.ബി. പമ്പ കോളേജ്, പരുമല, മകൾ ആരതി കൈമൾ)*


■

---

## അഭിനന്ദനങ്ങൾ!


ഇക്കഴിഞ്ഞ കേരളാ യൂണിവേഴ്സിറ്റി പരീക്ഷയിൽ
റാങ്ക് കരസ്ഥമാക്കിയ ബിഷപ്പ്മൂർ കോളേജ് വിദ്യാർത്ഥികൾക്ക്
സ്നേഹപൂർവ്വമായ അഭിനന്ദനങ്ങൾ!

---




**Ms. Sree Lekshmi V.,** B.Sc. Mathematics - **THIRD RANK**

D/o. : Sri. Shankara Pillai A. & Smt. Vijayalekshmi Amma T.
Vallattu Vadakkethil, Erezha North, Chettikulangara P.O., Mavelikara - 6



**Mr. Jyothish Raj J.,** B.Sc. Physics - **FIRST RANK**

S/o. : Sri. Jayarajan G., & Smt. Sindhu E, Kuzhiyathu Thekkathil
Chunakkara Naduvil P.O., Chunakkara - 690 534



**Ms. Sherin Mariam Philip,** B.Com. - **SECOND RANK**

D/o. : Sri. Philip G. & Smt. Sheeba Philip, Kottackattu Padeethathil,
Pilappuzha South, Haripad P.O.

കവിത

# നേതാക്കന്മാർ



ഡോ. ചേരാവള്ളി ശശി

**ഒന്ന്: രാഷ്ട്രീയത്തൊഴിൽ**


രാഷ്ട്രീയമല്ലോ തൊഴിലെന്റെ ജീവിതം
ആർക്കുമൊരത്ഭുത ദ്വീപാണേ!
മാടക്കട പൂട്ടി പാർട്ടിക്കൊടി പിടി-
ച്ചൂറ്റം വിടാതെ നടപ്പാണേ....!
കാൽക്കീഴിലെന്തേ? കണക്കറ്റടിച്ചതാം
ഏക്കർ കണക്ക് ഭൂസ്വത്താണേ!
സൗധങ്ങൾ; പൊന്ന്; പണം; സ്തുതിപാഠകർ
സാധുക്കൾ - ഭ്! എൻ കലിപ്പാണേ....!!

**രണ്ട്: ഹൈടെക് നേതാവ്**

ആസനത്തിൽ ആല് പൊന്തി വളർന്നതിൻ
കാറ്റേറ്റിരുന്നേ സുഖിക്കേണം.
പറ്റിച്ചെടുക്കുന്നധികാരതല്പത്തിൽ
ഒട്ടിയമർന്നേ കിടക്കേണം....
നേരും നെറിയും കുഴിച്ചിട്ടഴിമതി -
ച്ചേറ, ത്തറാക്കി മണക്കേണം.
വിഢ്ഢി ജനത്തിന്റെ കണ്ണിൽ മണ്ണിട്ടു നാം
ഹൈടെക് നേതാവായ് മിന്നേണം..!!

**മൂന്ന്: അധികാരസുഖം**

അധികാരത്തിന്റെ സുഖം പോലില്ലൊന്നും!
അടിയിൽ നില്പോരേ ഭരിക്കാം; ശാസിക്കാം.
നയിക്കാം; തോരാത്ത സ്തുതികളിൽ മുങ്ങി
നടക്കാം; വാനേളാം പെരുമയെത്തിക്കാം!
മുകളിലുള്ളോരെ കുരുക്കാം; സമ്പത്തിൻ
പടവുകൾ കേറിത്തിമിർക്കാം; രാഷ്ട്രീയ-
പ്പടിയൂഞ്ഞാലിലായ് ഇരുന്നു ഞാനെന്റെ
ദിനങ്ങൾ - പൊന്നോണ ദിനങ്ങളാക്കട്ടെ..!!



*(പ്രശസ്ത കവി, നോവലിസ്റ്റ്, ലേഖകൻ, ചരിത്രകാരൻ, പ്രഭാഷകൻ. ഡോ. ചേരാവള്ളി ശശി ഒട്ടേറെ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. കോട്ടയം സി. എം. എസ്. കോളേജിൽ നിന്നു മലയാള വിഭാഗം വകുപ്പ് മേധാവിയായി വിരമിച്ചു.)*

ഓർമ്മ

# തള്ളും ഒള്ളും നിറഞ്ഞ ശൃംഗാരങ്ങൾ...



അലക്സ് വള്ളികുന്നം

തള്ളും ഒള്ളും നിറഞ്ഞ ശൃംഗാരങ്ങളുടെ ടീനേജ് കാലമായിരുന്ന ആ ദിനങ്ങൾ [illegible] ആദ്യ പീരിയഡ് ഹാജർ വിളിക്കുന്നതിന് മുമ്പ് തന്നെ ക്ലാസ്സിൽ [illegible] ഒരു [illegible] നാലു ഒള്ളും ഉണ്ടാക്കാതെ തുടങ്ങിയ ദിവസം ഉണ്ടായിരുന്നുവോ? സംശയമാണ്. ഇത്രയും [illegible] സജീവുമായിരുന്ന മറ്റേത് കാലഘട്ടമാണ് ഉള്ളത്?

നാടകം, ഓണാഘോഷ അത്തപ്പൂ-മത്സരം, കോളേജ് മാഗസിൻ, എൻ. സി. സി., [illegible] ക്രിസ്തുമസ് ആഘോഷവും ട്രീ മത്സരവും.. ആനുവൽ ഡേ, [illegible], [illegible].. യുവജന പരിപാടികൾ...ടൂർ...ക്യാമ്പുകൾ, എക്സിബിഷനുകൾ.. ക്ലാസ്സുകൾ കട്ട് ചെയ്തുള്ള ക്രിക്കറ്റ് കളി, ക്ലാസ്സിലിരുന്നുള്ള പകലുറക്കം അങ്ങനെയങ്ങനെ... കൗമാര പ്രകൃതത്തിന്റെയും വികൃതികളുടെയും സമ്പൂർണ്ണമായ പരുവപ്പെടൽ... എല്ലാറ്റിനും ഒടുവിൽ പ്രതീക്ഷ മങ്ങിയ ആ യൂണിവേഴ്സിറ്റി പരീക്ഷകളും.. ഓർമ്മയിൽ പോലും കഠിനങ്ങളായ പരീക്ഷാ ദിനങ്ങളുടെ ചൂട്... പരസ്പരം പറയാതെയുള്ള ഒരു പിരിഞ്ഞു പോകാണവസാനം.. നാനാദിക്കുകളിലേക്ക്.. ദേശങ്ങളിലേക്ക്.. ലക്ഷ്യങ്ങളിലേക്ക്..

എല്ലാറ്റിനും ഒരന്തമുണ്ടല്ലോ..അങ്ങനെ അതും സംഭവിച്ചു. ആ ദിനങ്ങളും പോയ് മറഞ്ഞു. മറവിയിലേക്ക് തന്നെ മറഞ്ഞു. ചിന്തിക്കുമ്പോൾ തെല്ലൊരു നിരാശ..അല്പം സങ്കടം..പിന്നെ ആശ്വാസവും. ഒടുവിൽ ഓർമ്മകളിലെ വീണ്ടെടുപ്പിലൂടെ കൊഴിഞ്ഞു പോയ ആ നല്ലകാലത്തേക്കുള്ള തിരിച്ചു പോക്കിന്റെ അവാച്യമായ അനുഭൂതി സുഖവും...

കഷായത്തിൽ ചുക്ക് എന്ന പോലെയല്ലെങ്കിലും ഏതാണ്ടതുപോലെ തന്നെ സർവ്വ കഷായങ്ങളിലും ക്ഷണിക്കാതെ ചെന്നു വീണ ഉപ്പ് പോലെയായിരുന്നു പലരുടെയും ആളാകാനുള്ള ശ്രമം എന്നത് സാമാന്യമായ അനുഭവം.

പക്ഷേ നിർദ്ദോഷമായ സൗഹൃദങ്ങളും ഇടപെടലും പാച്ചിലും കളിയും ചിരിയുമൊക്കെ നമ്മൾ മറന്നുപോകുകയാണോ.. നാമെല്ലാവരും കാര്യഗൗരവമുള്ളവരായി മാത്രം മാറിയോ.. സൗഹൃദം നമ്മുടെ സ്റ്റാറ്റസിന് നിരക്കാത്തതായോ..

കൂടെപ്പഠിച്ച ആ കൂട്ടുകാരൻ അപകടത്തിൽ പെട്ടതും മരിച്ചതുമൊന്നും സമയോചിതം പങ്കുവയ്ക്കാൻ പോലും മറക്കുന്നതാണോ. നമ്മൾ ഇണങ്ങിയും പിണങ്ങിയും കളിച്ചും ചിരിച്ചും കാലംകഴിച്ച ആ കൗമാര കാലത്തിന്റെ നന്മ.. അവന്റെയോ അവളുടെയോ അച്ഛനമ്മമാരെയും കുടുംബത്തെയും ആശ്വസിപ്പിക്കാൻ നമുക്കൊരു പങ്കുമില്ലേ.. ഇതിനാണോ തള്ളിയിട്ടും ഒള്ള് പറഞ്ഞും നാം നമ്മുടെ നല്ലകാലം തോളിൽ കയ്യിട്ട് കഴിഞ്ഞു കൂടിയത്.

നമ്മുടെ പ്രിയപ്പെട്ട ഗുരുക്കന്മാരെ ഓർക്കാൻ അവരുടെ അല്പസ്വല്പം ക്ഷേമാന്വേഷണങ്ങളറിയാൻ താല്പര്യം ഉണ്ടാവേണ്ടതല്ലേ..

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

കാട് കയറിയ അനാവശ്യതോന്നലുകളാണ് ഇപ്പറഞ്ഞത്.. വെറും തോന്നലുകൾ..

നമുക്ക് തല്ലിന്റെയും പള്ളിന്റെയും ആ ഗതകാലത്തെ തിരിച്ചു പിടിക്കാം..

പൊയ്പോയ ആ സ്വപ്ന നാളുകളിലേക്ക് നമുക്ക് തിരിച്ചു നടക്കാം...

കൃതജ്ഞതാപൂർവ്വം...

കുട്ടിത്തത്തോടെ

(നടനും നാടക സംവിധായകനും എഴുത്തുകാരനും. തോപ്പിൽ ഭാസി, കെ. ടി. മുഹമ്മദ് എന്നിവരെക്കുറിച്ചുള്ള ഗ്രന്ഥങ്ങളും, നരേന്ദ്രപ്രസാദ്, ജോസ് ചിറമ്മൽ എന്നിവരെക്കുറിച്ചുള്ള സമാഹാരങ്ങളും പ്രസിദ്ധീകരിച്ചു. സി. ജെ. തോമസിന്റെ 1128 ൽ ക്രൈം 27, കെ. ടി. മുഹമ്മദിന്റെ ചിരിക്കുന്ന കത്തി, പി. കെ. വേണുക്കുട്ടൻ നായരുടെ ആന്റിഗണി, എഡ്വേർഡ് ആൽബിയുടെ സാൻഡ് ബോക്സ്, എന്നീ നാടകങ്ങളും, മലയാള നാടകം, ഓർമ്മകളുടെ ലോകം, എന്ന ഡോക്യുമെന്ററിയും, സംവിധാനം ചെയ്തവതരിപ്പിച്ചത് ശ്രദ്ധേയമായി. ഏകപാത്രനാടകങ്ങൾ എന്ന പുതിയ സംജ്ഞയുടെ ഉപജ്ഞാതാവ്. തിരുവനന്തപുരം ഒരിടം തീയേറ്ററിന്റെ സാരഥി. കേരള സംഗീത അക്കാദമിയുടെ 2016 ലെ ഗുരുപൂജ പുരസ്കാരം നേടി. ഫോൺ - 9447234140 alexvallikunnam.com, alexvallikunnam@gmail.com ■

# ഒരു സൗഹൃദം





# ബൈസ്റ്റാൻഡർ



*എം. രാജേന്ദ്രപ്രസാദ്*

ഒരു ഘടികാരം അയാളുടെ ഉള്ളിൽ ഉണ്ട്. സമയാസമയം മരുന്ന് നൽകിയോ എന്ന് മണി മുഴക്കി അത് അയാളെ ഓർമ്മപ്പെടുത്തുന്നു. നിർബന്ധിച്ചാണെങ്കിലും മൂന്ന് നേരം ആഹാരം നൽകണം. ആഹാരമെന്നു പറഞ്ഞാൽ മിക്സിയിൽ അടിച്ച് പതം വരുത്തിയ കഞ്ഞി; ഓറഞ്ച്, മുസമ്പി പോലുള്ള പഴച്ചാറുകൾ, അധികം കഴിക്കാനാകില്ല. ഏറിയാൽ ഒക്കെ പുറത്തേക്ക് തന്നെ വരും. എല്ലാം പിന്നീട് അയാൾ തന്നെ കോരണം. അതിനാൽ അയാൾക്ക് ഒരു കണക്കുണ്ട്. മറ്റുള്ളവർക്ക് ആ കണക്കറിയില്ല. ഡോക്ടർക്കോ നഴ്സിനോ പോലും. പിന്നെ വ്യായാമം. രാവിലെയും വൈകുന്നേരവും പത്തു മിനിറ്റു നേരം വീതം നടത്തണം. നടത്തം എന്ന പേരേ ഉള്ളൂ. അയാളുടെ തെളിൽ ഭാരം താങ്ങിവച്ച് കാലുകളുടെ പിച്ച വയ്പ്. രോഗിയേക്കാൾ ക്ഷീണിക്കുന്നത് അയാളാണ്. രാവിലെ നടത്തം കഴിഞ്ഞാൽ പത്രം വായിച്ചു കേൾപ്പിക്കണം. രാഷ്ട്രീയം പോലെ ക്രൈം വാർത്തകളും ഇഷ്ടമല്ല. ഹ്യൂമൻ ഇന്ററസ്റ്റ് വിഭാഗത്തിൽപ്പെടുന്ന ഫീച്ചറുകളോടും താത്പര്യമില്ല. അവയിൽ ദുഃഖം കട്ടപിടിച്ച് ഇരിപ്പുണ്ടത്രേ. ഉത്സവങ്ങൾ, സംഗീതം, സിനിമ, അങ്ങനെയാണ് ഇഷ്ടങ്ങൾ.

അയാൾ ഒരു ബൈസ്റ്റാൻഡറാണ്. വൃദ്ധനായ ഒരു രോഗിയുടെ. നഴ്സു വന്ന് ഇളം ചൂടുള്ള വെള്ളത്തിൽ മൃദുവായ ടവൽ മുക്കി ശരീരം തുടച്ചു കഴിയുമ്പോൾ വൃത്തിയുള്ള വസ്ത്രങ്ങൾ എടുത്തു കൊടുക്കണം. അത് ധരിപ്പിക്കുവാൻ സഹായിക്കണം. അപ്പോൾ, അയാൾ ശ്രദ്ധിക്കുന്നതല്ലെങ്കിലും, കണ്ണിനു മുന്നിൽ തുറന്ന പറമ്പിലെ ഉണങ്ങിയ വേരുപോലെ വൃദ്ധന്റെ നഗ്നത. വൃദ്ധനോട് അയാൾക്ക് സഹതാപം തോന്നും. വേദന സഹിക്കാനാവാതെ വൃദ്ധൻ ഞരങ്ങുകയും പുളയുകയും, കണ്ണുകൾ നിറഞ്ഞ് ഒലിച്ച് ചുണ്ടുകൾ കടിച്ചു പിടിക്കുകയും ചെയ്യുമ്പോൾ നഴ്സിനോടു പോയി പറയണം. അവർ വന്ന് മേശപ്പുറത്ത് വാങ്ങിക്കൂട്ടിയിട്ടിരിക്കുന്ന മരുന്നുകൾക്കിടയിൽ നിന്ന് വേദന മാറ്റാനുള്ള ഗുളിക എടുത്തു കൊടുക്കും.

വൃദ്ധൻ അൽപ്പനേരം കൂടി ഞരങ്ങും. പിന്നീട് ശരീരത്തെ മറന്ന് മയക്കത്തിലേക്ക് തളർന്നു വീഴും.

കുറേക്കാലത്തേക്ക് സുലഭമായൊരു വരുമാനമായതിനാൽ ഡോക്ടർമാർ റൗണ്ട്സ് മുടക്കാറില്ല. നഴ്സുമാരും നഴ്സിംഗിന് പഠിക്കുന്നവരും യൗവ്വനത്തിന്റെ പ്രസരിപ്പ് പടർത്തി സമയം തെറ്റാതെ രോഗിയെ പരിചരിച്ച് മടങ്ങും. പിന്നീടുള്ള സമയമത്രയും അയാൾ മാത്രം. സംസാരിക്കാൻ ആയാസപ്പെടുന്ന, ഇടയ്ക്കിടെ അത്യധികമായ വേദന നിമിത്തം ശരീരം നുറുങ്ങിക്കഴിയുന്ന വൃദ്ധന് കൂട്ടിരിപ്പ്. സന്തത കാവലാൾ. വൃദ്ധൻ മരുന്നുകളുടെ ശക്തിയിൽ മയങ്ങുന്ന നേരം മുറിയുടെ വാതിൽ ചാരി അയാൾ പുറത്തിറങ്ങും. ഇടനാഴിയിലൂടെ, മറികടക്കുന്നതും എതിരെ പോകുന്നവരുമായ കൂട്ടിരിപ്പുകാരുടെയും സന്ദർശകരുടെയും അപരിചിത മുഖങ്ങൾ കണ്ട് നടക്കും. അയാളുടെ മുഖത്ത് വിട്ടുമാറാത്ത ഒരു നിസ്സംഗ ഭാവമാണ്. അടുത്ത മുറികളിലെ, നിത്യവും കാണുന്ന കൂട്ടിരിപ്പുകാരോടു പോലും അയാൾ പരിചിത ഭാവം കാട്ടാറില്ല. വൃദ്ധനെപ്പോലെ അയാളും ഒറ്റയാൻ. വൃദ്ധനാണെങ്കിൽ എന്നെങ്കിലും തന്റെ അരികിലെത്തുന്ന മക്കളെക്കുറിച്ചും കൊച്ചുമക്കളെക്കുറിച്ചും പ്രതീക്ഷയുണ്ട്.

ആഴ്ചയിൽ ഒരിക്കൽ വിദേശത്തു നിന്നെത്തുന്ന ഫോൺ വിളി അവസാനിപ്പിച്ച്, വൃദ്ധനിൽത്തന്നെ നിസ്സംഗമായ നോട്ടം ഉറപ്പിച്ച് കിടയ്ക്കകരികിലെ കസേരയിൽ ഇരിക്കുന്ന അയാളോട് വൃദ്ധൻ ചോദിക്കും –

'അവൻ എന്നാ വരുന്നത്'.

'അവൾ വരുന്നതിനെപ്പറ്റി എന്താ പറഞ്ഞത്'.

മക്കളുടെ ഫോൺ സംഭാഷണം സ്പീക്കറിലിട്ട് അയാൾക്ക് വൃദ്ധനെ കേൾപ്പിക്കാവുന്നതേ ഉള്ളൂ. അവർ പക്ഷെ, അന്വേഷിക്കുന്നത് ഇനി എത്രകാലം അച്ഛൻ ഇങ്ങനെ കിടക്കുമെന്നാണ്. അന്ത്യം അടുത്തുണ്ടാകുമോ എന്നാണ്.

സ്വകാര്യ ആശുപത്രിയായതിനാൽ ചെലവ് കൂടുതലാണ്. ബൈസ്റ്റാൻഡറായ അയാളുടെ ശമ്പളം മറ്റൊരു ചെലവ്. ഇത് പാഴാണെന്ന ധ്വനി മക്കളുടെ വാക്കുകളിൽ മുഴങ്ങുമ്പോൾ എങ്ങനെയാണ് അവരുടെ ശബ്ദം വൃദ്ധനെ കേൾപ്പിക്കുക. അച്ഛനോട് സംസാരിക്കണമെന്ന് ഒരിക്കലും അവർ പറഞ്ഞിട്ടില്ല.ഡോക്ടർ എന്ത് പറയുന്നു..... അതിനുള്ള മറുപടി കിട്ടുന്നതോടെ ഫോൺ കട്ടാവുന്നു. ആദ്യ നാളുകളിൽ എന്ന് അച്ഛനെ കാണാൻ വരുമെന്ന് അയാൾ മക്കളോട് ചോദിക്കുമായിരുന്നു. ചോദ്യം അരോചകമായപ്പോൾ അവർ പറഞ്ഞു;

'നിങ്ങളെ ഏൽപ്പിച്ച കാര്യം ചെയ്യുക. അതിനപ്പുറമുള്ള ഇടപെടലൊന്നും വേണ്ട'.

അയാൾ പിന്നീട് ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കേണ്ടി വന്നിട്ടില്ല. അയാൾക്കുള്ള ശമ്പളം എല്ലാ ഒന്നാം തീയതിയും കൈയിലെത്തിക്കും. ഭക്ഷണവും കാന്റീനിൽ പറഞ്ഞ് കാര്യസ്ഥൻ ഏർപ്പാടാക്കിയിട്ടുണ്ട്. ആശുപത്രി ബില്ലിനും മുടക്കം വരുത്തില്ല.

ചെറുപ്പക്കാരിയും സുന്ദരിയുമായ നഴ്സിന്റെ ചലനങ്ങൾ വൃദ്ധന് ഒരു ഉത്സവക്കാഴ്ചയാണ്. അവൾ കാരുണ്യത്തോടെ നെറ്റിയിൽ തലോടുമ്പോൾ, നിവർത്താൻ പാടുപെടുന്ന കൈവിരലുകളിൽ ഉഴിയുമ്പോൾ ,വൃദ്ധൻ സ്വപ്നങ്ങളിലേക്ക് എടുത്തെറിയപ്പെടുന്നു. അയാളുടെ ചുണ്ടുകളിൽ ചിരിയുടെ തിളക്കം തെളിയുന്നു. കണ്ണുകളിൽ ഓർമ്മകൾ തിരയടിക്കുന്നു. നഴ്സ് സ്പർശം പിൻ വലിച്ചതും വാതിൽ കടന്ന് പോയതും വൃദ്ധൻ അറിയുന്നില്ല. ഒരു കൂട്ടം കേഴ്വിക്കാരോടെന്ന പോലെ, മധുരതരമായൊരു വിഭവം വിളമ്പും പോലെ, വൃദ്ധൻ പതിയെ പറയുന്നു-

'അവൾ സുന്ദരിയായിരുന്നു'.

ചുണ്ടിൽ നിന്നും അടർന്നു വീഴാൻ മടിക്കുന്നൊരു മർമ്മരം ആയിരുന്നു അത്.

വൃദ്ധൻ ഇനി പറയാൻ പോകുന്നത് എന്തൊക്കെയെന്ന് കൂട്ടിരിപ്പുകാരന് അറിയാം. യൗവ്വനം മുതൽ മദ്ധ്യവയസ്സു വരെ ജീവന്റെ പങ്കുപറ്റി, അവൾ പകർന്നു നൽകിയ ആനന്ദം. വിദേശത്തെ അപകടത്തിൽ

അയാളെയും മക്കളെയും തനിച്ചാക്കി അവൾ പോയത്. മക്കളെ വളർത്താനും ഉന്നത നിലയിലെത്തിക്കാനും ത്യാഗമനസ്സോടെ ഒറ്റയാനായി പ്രയത്നിച്ചത്. മക്കൾ കരപറ്റിയതിനു ശേഷമുള്ള കാര്യങ്ങളിലേക്ക് കടക്കുമ്പോൾ വൃദ്ധന്റെ ശബ്ദത്തിൽ ഇഴച്ചിൽ വരികയും ശോകഭാവം കലരുകയും ചെയ്യും.

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

ആവർത്തന വിരസമെങ്കിലും, തൊഴിൽ ബാധ്യതയായി കൂട്ടിരിപ്പുകാരൻ കേൾവിക്കാരനായി ഇരിക്കും. തരുന്ന കൂലിക്ക് കൂറ് കാട്ടണം എന്നതിൽ അയാൾക്ക് നിർബന്ധമുണ്ട്. പോരെങ്കിൽ അയാൾക്ക് സംസാരിക്കാനും കേൾക്കാനും മറ്റാരും അവിടെ ഇല്ലല്ലോ. പക്ഷെ, ഈയിടെയായി അയാൾക്ക് മടുപ്പ് തോന്നിത്തുടങ്ങിയിരിക്കുന്നു. മരണത്തിലേക്ക് വഴിക്കണ്ണുമായി കിടക്കുന്ന വൃദ്ധനുമായുള്ള സഹവാസം പകർന്നു നൽകുന്നത് മുരടിച്ച ഏകാന്തതയാണെന്ന് അയാൾ അറിയുന്നു. അയാളുടെ പരിണാമമില്ലാത്ത ദൈനംദിന ജീവിതത്തിന്റെ വിരസതയിലേക്ക് വൃദ്ധന്റെ നൊമ്പരം ഒരസ്വസ്ഥതയായി കടന്നു വരുന്നു. മനുഷ്യ ജീവിതത്തിന് ഇത്തരത്തിലൊരു അവസ്ഥാന്തരം എന്തിനെന്ന് അയാൾ അറിയാതെ ചിന്തിച്ചു പോകുന്നു.

ഉച്ഛ്വാസ വായുവിലെ കയ്പുള്ള ഗന്ധം നിറഞ്ഞ മുറിയിൽ, വൃദ്ധന് അരികിൽ ഇരിക്കുമ്പോൾ (അവിടെ മാത്രമല്ലേ അയാൾക്കിരിക്കാൻ ഇടമുള്ളൂ), കുഴിഞ്ഞ കണ്ണുകളിലെ സ്ഥായിയായ ദുഃഖവും, വരാത്ത മക്കൾക്കായുള്ള കാത്തിരിപ്പിന്റെ നിശ്വാസവും കൊഴുപ്പു വറ്റി ചുളുങ്ങി തൂങ്ങിയ തൊലിയും കാണുമ്പോൾ ഉള്ളിൽ നിറയുന്നൊരു വ്യഥ വിചിത്രമായ ചിന്തകളെ അയാളുടെ മനസ്സിൽ അഴിച്ചു വിടുന്നു.

വൃദ്ധൻ എന്തിന് ഇങ്ങനെ ജീവിക്കണം. ശരീര വേദന അധികരിച്ച് അബോധത്തിലേക്ക് വീണ് രണ്ടു തവണ വൃദ്ധൻ വെന്റിലേറ്ററിൽ കയറിയതാണ്. മരണത്തിന്റെ ഇരുണ്ട പുതപ്പ് വൃദ്ധന്റെ നേത്രങ്ങൾക്കുമേൽ പുതയ്ക്കപ്പെടുമെന്ന് അപ്പോഴൊക്കെ അയാൾ കരുതിയതാണ്. ഡോക്ടർമാരും ആ സാധ്യത കാണാതെയിരുന്നില്ല. മെയ്യനങ്ങാതെ ലഭിക്കുന്ന തന്റെ വരുമാനം നിലയ്ക്കുമല്ലോ എന്നേ അയാൾ ചിന്തിച്ചിരുന്നുള്ളൂ. ദിവസങ്ങൾക്കുള്ളിൽ വൃദ്ധൻ ബോധത്തിലേക്ക് തിരിച്ചു വന്നു.

'എന്റെ യാത്ര മുടങ്ങി, അല്ലേ'.

ഒരു കോമാളി ചിരിയോടെ വൃദ്ധൻ അപ്പോൾ ചോദിക്കുന്നു.

അദൃശ്യനായ അതിഥിയെപ്പോലെ മരണം വാതിൽ മറഞ്ഞു നിന്ന് ഒളികണ്ണോടെ നോക്കുന്നുണ്ടെന്ന് വൃദ്ധൻ മനസ്സിലാക്കിക്കഴിഞ്ഞതാണ്. കണ്ണടയും മുമ്പ് മക്കളെയും കൊച്ചുമക്കളെയും ഒരിക്കൽ കൂടി കാണണം. വൃദ്ധൻ തന്റെ ആഗ്രഹം ആവർത്തിക്കുമ്പോൾ അവർ ഉടനൊന്നും വരില്ലെന്ന് തുറന്നടിച്ച് പറഞ്ഞാലോ എന്നയാൾ പലതവണ ആലോചിച്ചതാണ്. ആ വെളിപ്പെടുത്തലിന്റെ ആഘാതത്തിൽ വൃദ്ധൻ തട്ടിപ്പോയാൽ നഷ്ടം തനിക്കു മാത്രമേ ഉള്ളൂ. വൃദ്ധന് വേദനയിൽ നിന്നും അവശതയിൽ നിന്നും ശാശ്വത മോചനം. മക്കൾക്ക് സാമ്പത്തിക ലാഭം.

'അവർ വൈകാതെ വരുമായിരിക്കും'- വൃദ്ധൻ പ്രതീക്ഷയുടെ പാലം കയറി തുടങ്ങിയപ്പോൾ അയാൾ പെട്ടന്നു പറഞ്ഞു.

'സാറെ, വെഷമം തോന്നരുത് അവർ വരത്തില്ല'.

വൃദ്ധൻ അയാളെ ഒന്നു നോക്കി. പ്രതീക്ഷയുടെ നൂലിൽ പിടിച്ച് അയാളെ നിഷേധിക്കുകയോ, അപ്രതീക്ഷമായ വാക്കുകൾ കേട്ട് ഞെട്ടുകയോ ചെയ്തില്ല. അർദ്ധ ബോധത്തിലെന്നപോലെ ആ യാഥാർത്ഥ്യം വൃദ്ധൻ മുമ്പേ ഉൾക്കൊണ്ടതാണെന്ന് മുഖം സാക്ഷ്യപ്പെടുത്തുന്നു. കൂട്ടിരിപ്പുകാരന്റെ വാക്കുകൾ സ്ഥിരീകരണം മാത്രമാണ്.

'അവർക്ക് വരാൻ ഒക്കത്തില്ല..... ജോലിയുടെ ഉത്തരവാദിത്വങ്ങൾ, മക്കളുടെ പഠിത്തം... അങ്ങനെ, അങ്ങനെ.... സാറ് ആശുപത്രിയിലായിട്ട് നാലു മാസം കഴിഞ്ഞില്ലേ. വരാനായിരുന്നെങ്കിൽ ഇതിനകം ആകാമായിരുന്നല്ലോ. സാറു പറയും പോലെ രണ്ടു തവണ സാർ യാത്രയ്ക്ക് ഒരുങ്ങിയിരുന്നല്ലോ'.

മക്കൾ ആഗ്രഹിക്കുന്നത് വൃദ്ധന്റെ മരണമാണെന്ന് പറഞ്ഞാലോ എന്നയാൾ ചിന്തിച്ചതാണ്.

'എന്റെ മരണമായിരിക്കും അവർ ആഗ്രഹിക്കുന്നത്'-

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

വൃദ്ധൻ പറഞ്ഞു. വൃദ്ധന്റെ വാക്കുകളിൽ ശോകത്തിന്റെ നിഴൽ പരന്നിരുന്നു. മറുപടി പറയാതെ അയാൾ മുഖം തിരിച്ചപ്പോൾ ഒരു നിശ്വാസത്തോടെ വൃദ്ധൻ തുടർന്നു.

'എനിക്ക് അറിയാമായിരുന്നു... എന്നിട്ടും...'

വലുതാകുന്നതു വരെയേ മക്കൾക്ക് അച്ഛനമ്മമാരെ ആവശ്യമുള്ളൂ. അച്ഛനമ്മമാർക്ക് വാർദ്ധക്യത്തിലാണ് മക്കളെ ആവശ്യം. അവരാകട്ടെ, കാലിലെ കുരുക്ക് മുറുകാതെ ശ്രദ്ധിച്ച്, ദീർഘമായ ചുവടുകൾ വച്ച് കുതിക്കുകയാണ്'.

വൃദ്ധൻ കണ്ണുകൾ അടച്ചു. വൃദ്ധന് വേദന തുടങ്ങുന്നത് അയാൾ അറിഞ്ഞു. രണ്ടു ദിവസമായി ഇല്ലാതിരുന്നതാണ്.

താൻ വിചാരിച്ചാൽ ഈ വേദനയിൽ നിന്ന് മുക്തമാക്കി വൃദ്ധന് ശാശ്വതമായ ശാന്തി നൽകാനാകും. ദൈവതുല്യമായ കാരുണ്യമാണത്. ഒരു പിടി ഗുളികകൾ വാരി വായിലിട്ട് കുറച്ചു വെള്ളം ഒഴിച്ചു കൊടുത്താൽ മതി. വേദനയ്ക്കിടയിൽ വൃദ്ധൻ അതു വിഴുങ്ങിക്കോളും. പരമ സാത്വികമായ ദയാവധം. പ്രതീക്ഷിച്ചിരുന്ന മരണമായേ ആരും കരുതൂ.

മുമ്പു പറഞ്ഞ വിചിത്രമായ ചിന്ത അയാളുടെ മനസ്സിൽ വീണ്ടും വല വിരിച്ചു വന്നു. ഒരു സാധാരണ വാർദ്ധക്യ മരണത്തിലേക്ക് വൃദ്ധന്റെ ജീവിതം അവസാനിക്കുന്നതു കൊണ്ട് എന്താണൊരു നേട്ടം. പ്രത്യേകിച്ച് സമ്പത്തിലും സുഭിക്ഷതയിലും നുരകുത്തുന്ന മക്കൾ ഒരു നിമിഷം അടുത്തിരുന്ന് വൃദ്ധമായ കൈകൾ തങ്ങളുടെ ഇളം ചൂടുള്ള കൈക്കുള്ളിലാക്കിയോ, നെറ്റിയിൽ തലോടിയോ വൃദ്ധൻ കൊതിക്കുന്ന സ്നേഹം പകരാൻ സമയം കണ്ടെത്താൻ തയ്യാറാകാത്തപ്പോൾ, വൃദ്ധന്റെ മരണം സ്നേഹനിഷേധത്തിന്റെ രക്ത സാക്ഷിത്വം ആകണം. മരണം അർത്ഥവത്താകുന്നത് അങ്ങനെയായിരിക്കും.

വൃദ്ധനെ ഈ തീരുമാനത്തിൽ കൊണ്ടെത്തിക്കുക ശ്രമകരമാണ്. മരണമെന്ന സത്യത്തെ അവധാനതയോടെ സമീപിക്കാൻ വൃദ്ധമനസ്സ് പ്രാപ്തമാകണം. മരണത്തിലേക്കുള്ള യാത്രയിൽ ഒരു തിരിച്ചു പോക്കില്ലെന്ന് വൃദ്ധന് ബോധ്യമുണ്ട്. മരണമെത്തും മുമ്പ് സഫലീകരിക്കണമെന്ന് ആഗ്രഹിച്ചിരുന്ന പ്രതീക്ഷ ഇനി നടക്കില്ലെന്നും അറിയാം. ആ മനസ്സിനെയാണ് തന്റെ ആശയത്തിലേക്ക് പൊരുത്തപ്പെടുത്തേണ്ടത്.

മരണം വരിക്കാൻ പല വഴികളുണ്ട്. ഒന്ന് ഗുളികകൾ തന്നെ, അനായാസമാണ്. മറ്റൊന്ന് തൂങ്ങി മരണം. വൃദ്ധമായ ശരീരം കൊണ്ട് അത് ബുദ്ധിമുട്ടേറിയതാണ്. പക്ഷെ, അതിനാണ് വിഷ്വൽ ഇഫക്ട്. രണ്ടിനും തന്റെ സഹായം വേണം. രണ്ടാമത്തേതിന് സമർത്ഥമായ അദ്ധ്വാനം വേണ്ടി വരും. ഇത്തരത്തിലുള്ളൊരു കർമ്മം തിരഞ്ഞെടുക്കുന്നതിനുള്ള കാരണം വിശദമാക്കി മക്കൾക്ക് കത്തെഴുതി വയ്ക്കണം.

ഇങ്ങനെയൊക്കെ ചിന്തിക്കുമ്പോഴും താൻ ചെയ്യാൻ പോകുന്നത് സാമൂഹികമായ ക്രിമിനൽ കുറ്റമല്ലേ എന്നൊരു ചോദ്യം ഉള്ളിൽ ഉണ്ടാകാതിരുന്നില്ല. മാനുഷിക നീതി എന്ന ഒരു ഉത്തരത്തിൽ ആ ചോദ്യത്തെ അയാൾ അടക്കി നിറുത്തി.

പദ്ധതിയുടെ അടിസ്ഥാന പാഠങ്ങൾ അയാൾ മനസ്സിൽ അടുക്കി വച്ചു. പലപ്പോഴായി വൃദ്ധന് സൂചനകൾ കൊടുത്തു. ഒടുവിലയാൾ അക്കമിട്ട വാദമുഖങ്ങളായി കർമ്മ രേഖ വൃദ്ധനു മുന്നിൽ നിരത്തി വച്ചു.

വൃദ്ധൻ കേട്ടു കിടന്നു. ഒടുവിലയാൾ പറഞ്ഞു-

ഞാനൊരു കഥ പറയാം. ഒരു കർഷകന്റെ കഥ. നാട്ടിലെ ഏറ്റവും നല്ല കർഷകരിൽ ഒരാളിയിരുന്നു അയാൾ. വിശാലമായ പാടത്ത് അയാൾ കൃഷി ഇറക്കിയിരുന്നു. മുടക്കു മുതലായി തന്റെ സമ്പാദ്യം മുഴുവനും തികയാതെ വരുന്നത് വായ്പ എടുത്തും കൃഷി ചെയ്യുന്നതായിരുന്നു അയാളുടെ രീതി. കാലം തെറ്റിയ മഴ, വരൾച്ച, ധാന്യത്തിന്റെ വിലയിടിവ് ഒക്കെ അയാളെ പലതവണ പ്രതി സന്ധിയിലാക്കിയിട്ടുണ്ട്. എങ്കിലും അയാൾ കൃഷി ഇറക്കിക്കൊണ്ടേയിരുന്നു. അത്തവണയും വിത്ത് വിതച്ചു. വിത്ത് മുള പൊട്ടി, ഞാറായി. കതിരു പൊട്ടി നിറകുടങ്ങളായി നിന്നപ്പോൾ അയാളുടെ മനസ്സ് നിറഞ്ഞു. പാടത്തെ തഴുകിയെത്തിയ കാറ്റ് അയാളിൽ സ്നേഹം നിറച്ചു. പ്രതീക്ഷിച്ചതിലധികം വിളവ് കിട്ടിയപ്പോൾ അയാൾ ദൈവങ്ങൾക്ക് സ്തുതി പറഞ്ഞു. പാടശേഖരത്ത് ധാന്യക്കൂനകൾ ഉയർന്നു. ധാന്യമെടുക്കാൻ മില്ലുകാരോ സർക്കാരോ

എത്തുന്നതോടെയേ അയാളുടെ സങ്കടം പൂർണ്ണമാകൂ. പ്രകൃതിയുടെ സ്നേഹം നിറവേറുന്നത് അപ്പോഴാണ്. ധാന്യക്കൂനയുടെ മുന്നിൽ വെയിലേറ്റ്, നിലാവിലുറങ്ങി അയാൾ കാത്തിരുന്നു. ദിവസങ്ങളോളം. അപ്പോഴാണ് മഴയെത്തിയത്. അതോടെ തുടർ മഴ. കൂരയ്ക്കു കീഴെ അയാൾ ഞെട്ടിയിരുന്നു. ഹൃദയ ഭാഗത്ത് കണ്ണുകൾ നിറഞ്ഞു. വെയിൽ വന്നു. ധാന്യം മുള പൊട്ടി. പാടശേഖരത്തിന്റെ മുഴുവൻ വിലാപത്തിന്റെയും ഭാഗമായി അയാളുടെ ദുഃഖവും മാറി. എന്തൊരു ചെയ്യുന്നതാകും.

തന്റെ സ്വപ്നങ്ങളാണ് ഇവിടെ മണ്ണിൽ കുതിർന്നു കിടക്കുന്നത്. മഴയായി മാറുന്ന ധാന്യം കൈകളിൽ കോരി ആകാശത്തെ ദൈവങ്ങളെ നോക്കി വിലപിക്കാം. സർക്കാരിനെ കുറ്റം പറയാം. നഷ്ട പരിഹാരത്തിനായി യാചിക്കാം.

അയാളുടെ ചിന്ത മറ്റൊരു വഴിക്കു തിരിഞ്ഞു. ധാന്യം യഥാസമയം വിറ്റു പോകാത്തതുകൊണ്ടല്ല ഈ നിസ്സഹായാവസ്ഥ ഉണ്ടായത്. അതൊരു കച്ചവടം മാത്രമല്ല. കരുതലുള്ള സ്നേഹമാണ്. കിട്ടേണ്ടപ്പോൾ കിട്ടാത്ത സ്നേഹം നിഷേധിക്കപ്പെടുന്ന സ്നേഹം തന്നെയാണ്. തടയപ്പെടുന്ന സങ്കടമാണ്. വരും കാലത്തെങ്കിലും ഈ കരുതൽ നിഷേധിക്കപ്പെടാതിരിക്കാൻ എന്തെങ്കിലും ചെയ്തേ പറ്റൂ. മുളച്ച ധാന്യം കത്തിച്ച് പ്രതിഷേധിച്ചാലോ. പാഴായ ധാന്യം പോലെ അതൊരു പാഴ്വേലയാകും. ആത്മഹത്യ ചെയ്താലോ- പെട്ടെന്നയാൾ ആലോചിച്ചു. തപ്തമായ വരും ദിവസങ്ങളിൽ നിന്നും കടബാധ്യതയിൽ നിന്നുമുള്ള ഒരു മോചനമാകരുത്. പക്ഷേ, ആത്മഹത്യ കൊണ്ട് ലക്ഷ്യം നേടാനാകുമോ. ദീർഘമായ ആലോചനകൾക്കൊടുവിൽ അയാൾ ഒരു തീരുമാനത്തിലെത്തി. തന്റെ പാടശേഖരത്തിനു നടുവിൽ മുഴുവൻ പാടശേഖരത്തെയും സാക്ഷി നിറുത്തി ആത്മഹത്യ ചെയ്യുക. അയാൾ ഒരു കുറിപ്പു തയ്യാറാക്കി-

‘ഞാൻ ആത്മഹത്യ ചെയ്യുകയാണ്. പുതു ജീവനുകളായി മുളച്ച എന്റെ ധാന്യക്കൂനയ്ക്കു മുന്നിൽ ഞാനൊരു മുക്കാലി തീർത്തിട്ടുണ്ട്. മുക്കാലിയിൽ എന്റെ കഴുത്തിൽ മുറുകാൻപാകത്തിൽ ഒരു കയർ കുരുക്കും. നാളെ കാലത്ത് പത്തുമണിക്കാണ് കൃത്യം. നിങ്ങൾക്ക് ദൃക്സാക്ഷികളാകാം. ഒരു കർഷകന്റെ ദുഃഖം നിങ്ങൾ തിരിച്ചറിയുമെന്ന പ്രത്യാശയോടെ..’

ഫേസ് ബുക്കിലേക്കും വാട്സ് ആപ്പിലേക്കും അയാൾ അത് പകർത്തി.

വൃദ്ധൻ സീലിംഗ് ഫാനിലേക്ക് നോക്കി കിടക്കുകയായിരുന്നു. വൃദ്ധന്റെ പഴയ രാഹിത്യത്തിനു വ്യതിയാനം വരുന്നത് കാത്ത് കൂട്ടിരിപ്പുകാരൻ ഇരുന്നു. വൃദ്ധന്റെ ചുണ്ടിൽ നിന്ന് ചെറുചിരിയുടെ ഒരല മുഖപേശികളിലേക്കും കണ്ണുകളിലേക്കും പടരുന്നത് അയാൾ അറിഞ്ഞു. ഒരു തിരിച്ചറിവിലേക്ക് വഴുതി വീണതു പോലെ വൃദ്ധൻ അയാൾക്കു നേരെ തലതിരിച്ചു. വൃദ്ധന്റെ മുഖത്തും ശരീരത്തും ഉന്മാദത്തിന്റെ തരംഗങ്ങൾ പ്രസരിക്കുന്നതുപോലെ. കണ്ണുകൾക്ക് തിളക്കം കൂടിയിട്ടുണ്ട് - ഒരു തീരുമാനത്തിൽ ഉറച്ചതു പോലെ. ചിന്താഭാരം ഒഴിഞ്ഞ് മനസ്സ് പ്രശാന്തമായിരിക്കുന്നു.

കൂട്ടിരിപ്പുകാരൻ എഴുന്നേറ്റ് വാതിൽക്കലേക്ക് നടന്നു. വാതിൽ തുറന്ന് പുറത്തിറങ്ങും മുമ്പ് അയാൾ വൃദ്ധനെ ഒന്നു കൂടി നോക്കി. വൃദ്ധൻ അയാളിലേക്കു തന്നെ മുഖം ചരിച്ച് കിടക്കുകയാണ്. അയാൾ വൃദ്ധന്റെ നിറം മങ്ങിയ കണ്ണുകളുടെ ആഴങ്ങളിലേക്ക് നോക്കി. അന്യോന്യം തിരിച്ചറിഞ്ഞ രണ്ടാത്മാക്കൾ ഒരു ബിന്ദുവിൽ കൂട്ടി മുട്ടുമ്പോഴത്തെ ലാഘവത്വം അവർ അനുഭവിച്ചറിഞ്ഞു. അയാൾ വാതിൽ ചാരി പുറത്തേക്കിറങ്ങി.

‘ഒരു കയർ വാങ്ങണം’-

മനസ്സ് പിറുപിറുത്തു.

■

*(കേരളകൗമുദിയിൽ പത്രപ്രവർത്തകനായിരുന്നു. ‘അച്ഛൻ ഫ്രെയിമിനു വെളിയിലായത്’, ‘ജനിതക വിലാപം’ എന്നീ ചെറുകഥാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. ആകാശവാണി കോഴിക്കോട്, തിരുവനന്തപുരം നിലയങ്ങൾക്കായി നാടകങ്ങൾ രചിച്ചു. നാടക നടൻ, സംവിധായകൻ. ഭാര്യ - രേണുക, മക്കൾ - ആര്യ ആർ പ്രസാദ്, അനഘ ആർ. പ്രസാദ്, ഫോൺ 9400503419)*

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA



അമേരിക്കൻ കത്ത്

# മാനവികതയുടെ മാനങ്ങൾ



അക്ഷരങ്ങൾക്ക് അറിവിന്റേയും ചിന്തകൾക്ക്
ചലനാത്മകമായ തീക്ഷ്ണതയും പകർന്നുനൽകിയ
ഗുരുജനങ്ങൾ.....

കാലത്തിന്റെ യവനികയ്ക്കപ്പുറം നക്ഷത്രങ്ങളെപ്പോലെ തിളങ്ങിയും....
ഓർമ്മകളുടെ നേർകാഴ്ചകളായ് നമ്മളോടൊപ്പം ആയിരിക്കുന്നവരും....
നിങ്ങൾക്ക് ഞങ്ങളുടെ ഊഷ്മളമായ പ്രണാമം.

ബന്ധങ്ങൾക്ക് മഴവില്ലിന്റെ നിറങ്ങൾ ചാർത്തിതന്ന ദൃഢമായ സഖിത്ത്വത്തിനും
മനസ്സിന് വർണാഭമായ പ്രണയബോധവും നൽകിയ സൗഹൃദങ്ങൾ
ഇടപെടലുകൾക്ക് സാമൂഹിക ബോധവും.... കൂട്ടായ്മകൾക്ക്
മാനവികതയും പകർന്നുനൽകുവാൻ പഠിപ്പിച്ച വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ....
മറക്കാനാവില്ല നിന്നെ ഒരിക്കലും.... ഓർമ്മകളുടെ സ്പന്ദനങ്ങൾ ഇടിനാദമായി
ചങ്കിൽ പതിക്കുമ്പോഴും എന്റെ കലാലയമേ ഇനിയും ഉറക്കെ....
ഇനിയും ഉറക്കെ.... നിനക്ക് ആയിരം ആയിരം അഭിവാദ്യങ്ങൾ....
ഉശിരുള്ള തലമുറകൾക്ക് രൂപവും ഭാവവും നൽകുവാൻ
ഇനിയും നിനക്കാകട്ടെ.... മറ്റു വിഭാഗങ്ങളെപ്പോലെ
മാവേലിക്കര ബിഷപ്പ് മൂർ കോളജ്
ധനതത്വശാസ്ത്രവിഭാഗവും സുവർണ്ണ ജൂബിലി നിറവിൽ നിൽക്കുമ്പോൾ
ആഘോഷങ്ങൾ അർത്ഥവത്തായ അനുഭവങ്ങളായി
തീരട്ടെയെന്ന് ആശംസിക്കുന്നു.

ഞങ്ങളുടെ ഹൃദയാ അഭിവാദ്യങ്ങൾ

ഒത്തിരി ഒത്തിരി പ്രണയത്തോടെ,

**ഐപ്പ് സി. വർഗ്ഗീസ് പരിമണം**

ഷിക്കാഗോ

E-mail: parimanam14@gmail.com






G. Dileep Kumar, CA

**TEN Key changes in Income Tax Rules that came into effect from April 1, 2018**

1) If the return is not filed within the due date for filing the same, mandatory fee as shown below has to be paid before filing of return. (Return can be filed only after remitting the fee (penalty))

(a) Rs. 5000/- if the return is filed on or before 31st December 2018 (after the due date)

(b) Rs. 10000/- if the return is filed after 31st December 2018.

If the total income does not exceed Rs. 5 lakhs the fee payable will be limited to Rs. 10000/-

The due date for filing the Income Tax return in the case of assessees where accounts are required to be audited is 30th September 2018.

In all other cases the due date is 31st July 2018.

2) **Higher Cess:** The finance minister also raised cess income tax to 4 per cent from 3 per cent for individual taxpayers on the amount of income tax payable.

3) **Introduction of long-term capital gains tax on equity investments:** A new 10 per cent tax (cess extra) will be applicable on capital gains exceeding Rs. 1,00,000 upon sale of equity share or units of equity oriented funds. However, for the benefit of tax payers, the gains till January 31, 2018, are being grand fathered. This means that only gains over January 31, 2018, prices will be taxed. In some relief, the benefit of indexation will be allowed in unlisted shares for computing long-term capital gains tax that were unlisted as on January 31, 2018.

4) **Tax on dividend income from equity mutual funds:** A tax at the rate of 10 per cent will be levied on dividend distributed by equity-oriented mutual funds.

5) **More income tax benefits on single premium health insurance policies:** Health insurers typically provide some discount if you pay premium for a few years up front. But earlier, an individual could claim deduction only up to Rs. 25,000. under the proposed changes in Budget 2018, in case of single premium health insurance policies having cover of more than one year, deduction will be allowed on a proportionate basis for the number of years for which health insurance cover is provided, subject to the specified limit. For example, your insurer is offer-

ing a 10 per cent discount on health insurance premium if you pay Rs. 40,000 for the two-year cover. Under the proposed changes, the individual can claim Rs.20,000 in both years.

6) **Income tax benefit on NPS withdrawal:** The government has proposed an extension to the benefit of tax-free withdrawal from NPS (National Pension System) to non-employee subscribers. Currently, an employee contributing to the NPS is allowed an exemption in respect of 40 per cent of the total amount payable to him or her on closure of account or on opting out. This exemption is currently not available to non-employee subscribers. The extension of tax-free withdrawal to non-employee subscribers will be available from financial year 2018-19.

7) **Deduction in respect of interest income to senior citizens:** Senior citizens will get higher interest income exemption limit on deposits in banks and post offices, including recurring deposits. Currently, a deduction up to Rs, 10,000 is allowed under Section 80TTA of the Income Tax Act to an individual in respect of interest income from a savings account. Under the tax laws, a new section 80TTB is proposed to be inserted to allow a deduction up to RS. 50,000 in respect of interest income from deposits held by senior citizens. However, no deduction under Section 80TTA shall be allowed for senior citizens.

8) **Higher TDS or tax deducted limit for senior citizens:** The threshold for deduction of tax at source on interest income for senior citizens is proposed to be hiked from Rs. 10,000 to Rs. 50,000.

9) **Higher deduction limit under Section 80D of the Income Tax Act for senior citizens:** In Budget 2018, the government proposes to increase the deduction for senior citizens on payment of health insurance premiums. The limit is set to go up from Rs. 30,000 to Rs. 50,000. For individuals below 60 years of age, the deduction under Section 80D continues to be Rs. 25,000. But if their parents are senior citizens, above 60 years, they can claim an additional deduction of up to Rs. 50,000-taking the total deduction to Rs. 75,000 (Rs.25,000 + Rs. 50,000), higher than the current limit of Rs. 55,000.

10) **Higher income tax deduction for senior citizens for medical treatment of specified diseases:** The deduction available payment towards medical treatment of specified disease is proposed to be hiked to Rs. 1 lakh for very senior citizen (earlier Rs. 80,000) and senior citizen (earlier Rs. 60,000).

*(ചാർട്ടേഡ് അക്കൗണ്ട് ആയി പ്രവർത്തിക്കുന്ന ശ്രീ. ജി. ദിലീപ് കുമാർ എഫ്. സി. എ. 1987 ലെ മാത്സ് വിദ്യാർത്ഥിയാണ്. പത്നി ശ്രീമതി. രേഖ. മകൻ ഹരി ഗോവിന്ദും മകൾ ഗൗരി പാർവ്വതിയും വിദ്യാർത്ഥികളാണ്. ഫോൺ. 9388915750)* ■

*Contact address for BMC Alumni Association*

**K.L. HARIBABU**
(Organizing Secretary)
Mary Villa, Mavelikara, PIN - 690101
Ph: 0479 - 2308309, Mob: 9446869696 E-mail: klharibabumvlk@gmail.com

കവിത

# ഉയിർ തേടി



ബിന്ദു ആർ. തമ്പി

ഇനിയും പിറക്കാത്ത
കവിത തന്നുയിർ തേടി
ഇരവിൽ തനിച്ചഞ്ഞിരിപ്പൂ
തൊടിയും കടന്നെന്റെ
മുറിയിലും നിറയുന്നു
നറുമുല്ല മലരായി തെന്നൽ
രാവൊരു ശ്യാമ-
തപസ്വിയെപ്പോലൊരോ
യാമ മന്ത്രങ്ങൾ ജപിപ്പൂ
ഇരുളിൻ ബലിഷ്ഠമാം
കൈകൾ വളർന്നുയർ-
ന്നകലെയാകാശത്തെ മൂടി
അകലത്ത് നിന്നും
കിളിക്കൂട്ടിലുണരുന്നൊ-
രരുമ തന്നസ്വസ്ഥ ശബ്ദം
കാതിൽ പതിയ്ക്കെ
ജനാല തൻ പാളികൾ
പാതി തുറന്നു ഞാൻ മെല്ലെ
ഇനിയും തിരിച്ചെത്തി-
ടാത്തൊരു പെൺകിടാ-
വെവിടെയെന്നോർത്തും പിടഞ്ഞും
ഇരുമിഴിത്തിരികൾ
കൊളുത്തയിട്ടൊരു മാതൃ
ഹൃദയും വിതുമ്പുന്ന പോലെ
കാവിലെ കൽവിള-
ക്കേന്തുന്ന നാളങ്ങൾ
കാറ്റിൽ ചരിഞ്ഞുലഞ്ഞാടി
ചകിതയായ്, മൗനിയായ്
മൂളിയ പാട്ടുകൾ
പകുതിയിൽ നിർത്തി രാപ്പക്ഷി
ഞൊറിയിട്ടു തെന്നലിൻ



താളംകടം കൊണ്ട
നറുനിലാവിന്റെ പുടവ
ഒരു ഞൊടിയ്ക്കുള്ളില-
ച്ചേല തന്നങ്ങനെ
നിഴലിന്റെ കൈയിൽ ഞെരിഞ്ഞു
ചിതറിത്തെറിച്ചൊരു
പാദസരത്തിന്റെ
ചെറുമുത്തുകൾ വിണ്ണിലെങ്ങും
ഇരവാണ് നിറമൊക്കെ
മായുന്ന വേളയാ-
ണിര തേടുമിരുളാണ് ചുറ്റും
എത്രയമാവാസി
രാവുകൾ പൗർണ്ണമി-
ച്ചിത്രങ്ങൾ മായിച്ചു പോയി
എങ്കിലുമിന്നീ
നിലാവിന്റെ ചോരയിൽ
പങ്കിലമാകുന്നു രാത്രി.
കനൽ പോലെ പൊള്ളുന്ന
സ്മൃതികളാൽ നീറുമെൻ
ഹൃദയത്തിനിടനാഴി തോറും
ഇനിയും മടങ്ങാത്ത
പെൺമക്കൾ തൻ പാദ-
പതനം മുഴങ്ങിയൊടുങ്ങി
കവിതയില്ലിന്നിന്റെ-
യുലയിൽ ജ്വലിക്കുന്ന
കനലിൻ തുടിപ്പുകൾ ബാക്കി
അവ വീണു നിറയുന്ന
വാക്കുകൾ കൊണ്ടെന്റെ
കടലാസ് വെന്തു നീറുന്നു
പിൻ നിലാവല്ലൊരു
പെൺ നിലാവായ് കുളിർ
തന്നും നിഴൽ മായ്ച്ചു മിരവിൻ
നഖരങ്ങളേൽപിച്ച
മുറിവിൽ മുഖം താഴ്ത്തി
ഉഴറാതുയിർക്കുക കവിതേ

■

*(ആംഗലേയ സാഹിത്യത്തിൽ എം. എ. എം ഫിൽ ബി. എഡ്. ബിരുദം നേടിയ ബിന്ദു ആർ. തമ്പി മറ്റം സെന്റ് ജോൺസ് എച്ച്. എസ്. എസിലെ അദ്ധ്യാപികയാണ്. ആദ്യ കൃതി 'ഹൃദയരാഗ'ത്തിന് ശങ്കരപ്പിള്ള സ്മാരക സർഗ്ഗ പ്രതിഭാ പുരസ്കാരം, സമന്വയം കവിതാ പുരസ്കാരം, കാവ്യവേദി പുരസ്കാരം ഇവ ലഭിച്ചു. ഭർത്താവ്: അനിൽ വി.ആർ. എഞ്ചിനീയർ ദോഹ, മക്കൾ: അഭിറാം എ., അഭിജത്ത് എ., ഫോൺ: 9061512512)*



# Verdict Against Hartal

**Adv. Koshy Jacob**
*New Delhi*

[Adv. Koshy Jacob, one of our former students, practicing as a lawyer in the Supreme Court of India, New Delhi, had filed a writ petition (civil) No. 55 of 2017 in the Supreme Court of India against Union of India and others.

The petition was filed under Article 32 of the Constitution of India, seeking direction for Implementation of guide lines issued by the port on the matter of distruction of public and private properties.

According to the petitioner, a larg number of strikes / agitations have taken place resulting in violation of fundamental right of the people for which suitable remedy is not available to the aggrieved victims. Please see some of the relevant decisions the Court has given in the verdict]

## Extract from the VERDICT

Committees appointed by this Court in the above case recommended statutory amendments for making those sponsoring such agitations accountable and punishable under the criminal law and also requiring preventive and remedial actions such as videography of all the activities and award for damages. In spite of such recommendations, no legislation or speedy mechanism has been put in place so far which appears to be the reason for this petition.

In pursuance of notice issued by this Court in this matter, affidavits have been filed by different States as well as by Union of India. In the affidavit filed by the Union of India, it is submitted that the process has been initiated for amendment of the prevention of Damage to Public Property Act, 1984 in consultation with the Ministry of Law and Justice.

Mr. K.K. Venugopal, learned Attorney General for India, has submitted that in spite of the guidelines, situations have been created wherein peaceful agitation turns into violent, causing loss of lives and destruction of public property. At times, central forces are deployed to aid the law and order machinery. He fairly states that there is undoubted need for preventive and remedial measures to be adopted to deal with such situations. A mechanism is necessary to fix accountability of any failure to take preventive steps as well as to

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

provide for punishing the guilty and compensation to the victim. The reports of the committee appointed by this Court recommended prosecution of those involved in damage to the public property, including the leaders and office bearers of the organisations which call for such action. Recommendation includes collection of evidence by using electronic means such as videography and to compensate the victims. Taking into account the said reports, this Court, in absence of a legislation on the subject, issued guidelines to the effect that this Court or the High Court may take suo motu action, set up a machinery to investigate and to award compensation. An assessor could be appointed by the High Court or by this Court, to assess the claim of the people.

"Next we considered how far the leaders of the organisations can also be caught and brought to trial, when public property damaged in the direct actions called at the behest of such organisations. Destruction of public property has become so rampant during such direct actions called by organisations. In almost all such cases the top leaders of such organisations who really instigate such direct actions will keep themselves in the background and only the ordinary or common members or grass root level followers of the organisation would directly participate in such direct actions and they alone would be vulnerable to prosecution proceedings. In many such cases, the leaders would really be the main offenders being the abettors of the crime. If they are not caught in the dragnet and allowed to be immune from prosecution proceedings, such direct actions would continue unabated, if not further escalated, and will remain a constant or recurring affair.

"After considering various aspects to this question we decided to recommend that prosecution should be required to prove (i) that those accused were the leaders or office-bearers of the organisation which called out for the direct actions and (ii) that public property has been damaged in or during or in the aftermath of such direct actions".

Since no low has been framed even though 8 years have passed after the matter was dealt with by this court in the aforesaid judgment, the petitioner has approached this court, as noted earlier. In view of the stand in the counter affidavit and statement of learned Attorney General, we do hope that the law now proposed by the Union of India is brought into force within a reasonable time to address all concerned issues. Learned Attorney General has very fairly stated that the law may provide for speedy mechanism for criminal liability, action for administrative failures as well as remedies to the victims. A suggestion has been made that one or more district/additional district Judges can be appointed by the State Government in consultation with the High Court to deal with such issue either on whole-time basis or on part-time basis, as the situation may require. In such cases cadre strength of the judicial officers may require suitable temporary or permanent increase. This suggestion can be considered in the course of making the proposed law. ■

THE GREATEST THING THAT YOU CAN DO **NOW...**

*"Strengthen the Alumni,*
*Strengthen our College"*

# Be a Life Member

***Become a life member of Bishop Moore College***
***Alumni Association by paying Rs. 1000/-***

ലേഖനം

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# വി.സി. എന്ന വി.സി. ജോൺ



**കെ.എൽ. ഹരിബാബു**



**തെ**ക്കൻ തിരുവിതാംകൂറിന്റെ സാംസ്കാരിക തലസ്ഥാനമായ മാവേലിക്കരയിൽ എവിടെ നിന്നോ പൊട്ടി വീണ് പിന്നീട് മാവേലിക്കര ബിഷപ്പ് മൂർ കോളേജിന്റെ വളക്കൂറുള്ള മണ്ണിൽ നിന്ന് വെള്ളവും വളവും വലിച്ചെടുത്ത് വളർന്ന് ഇന്ന് ശാഖകളും ഉപശാഖകളുമായി മാവേലിക്കരയിലെ കലാ സാംസ്ക്കാരിക സാമൂഹ്യമണ്ഡലങ്ങളിൽ തണൽ വിരിച്ച് നിൽക്കുന്ന ഒരു വൻ വൃക്ഷമാണ് വി. സി. എന്ന വി. സി. ജോൺ.

1964 ൽ മാവേലിക്കര ബിഷപ്പ് മൂർ കോളേജിന്റെ മതിൽക്കെട്ടിനുള്ളിലേക്ക് ഇംഗ്ലീഷ് അദ്ധ്യാപകന്റെ ഇന്റർവ്യൂവിന് വേണ്ടി പൊട്ടി വീഴുമ്പോൾ ഒരു പക്ഷേ അദ്ദേഹം പോലും വിചാരിച്ചിട്ടുണ്ടാകില്ല, തന്റെ ശിഷ്ട ജീവിതത്തിന്റെ ഭൂമികയാണ് ഇതെന്ന്. അന്ന് ഇന്റർവ്യുവിന് വരുമ്പോൾ അദ്ദേഹത്തിന് കേവലം ഇരുപത്തിരണ്ട് വയസ്സ് മാത്രം പ്രായം.

അന്ന് കോളേജ് അദ്ധ്യാപക വൃത്തി എന്നത് ഒരു മെച്ചപ്പെട്ട ഉദ്യോഗമായി സമൂഹം പരിഗണിച്ചിരുന്നെങ്കിലും വേതന വ്യവസ്ഥകളൊന്നും അത്ര മെച്ചമായിരുന്നില്ല. യു. ജി. സി. ശമ്പളസ്കെയിലുകളൊന്നും അന്ന് നിലവിൽ വന്നിരുന്നില്ല.

സാമ്പത്തിക ഭദ്രതയുള്ള മറ്റൊരു നല്ല ജോലി ലഭിയ്ക്കുവാൻ വേണ്ട കഴിവും ആത്മവിശ്വാസവും ഉണ്ടായിരുന്നെങ്കിലും ഇംഗ്ലീഷ് ഭാഷയോടും, സാഹിത്യത്തോടുമുള്ള താൽപര്യവും അദ്ധ്യാപക വൃത്തിയോടുള്ള അഭിനിവേശവുമാണ് ബിഷപ്പ്മൂർ കോളേജിലെ ഇംഗ്ലീഷ് വകുപ്പിൽ അദ്ധ്യാപകനായി ജോലിക്ക് ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

ആകാരത്തിലും, ആസ്വാദനത്തിലും അദ്ധ്യാപക

[illegible]

ശ്രീ. വി. സി. ജോൺ എവിടെ നിന്നോ മാവേലിക്കരയുടെ മണ്ണിലേക്ക് പൊട്ടി വീണു എന്ന് [illegible] അദ്ദേഹം ഒരിക്കൽ പറയുന്നുണ്ട്. അതു കൊണ്ട് തന്നെ പൊട്ടി വീഴുന്നതിന് മുൻപുള്ള കാലവും അതിനുശേഷവും ഞങ്ങൾ അറിഞ്ഞതു കൂടി ഒന്ന് അവലോകനം ചെയ്തു നോക്കാം.

ശ്രീമാൻ വി. സി. ജോണിന് വിജയൻ എന്ന് വിളിപ്പേര് കൂടിയുള്ള കാര്യം പരമ രഹസ്യം. അത് സ്വന്തം ബന്ധുക്കളുടെ മാത്രം വിളിപ്പേരായി തുടർന്നു. പോസ്റ്റ് ആന്റ് ടെലിഗ്രാഫിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്ന ശ്രീ. വി. സി. ചാക്കോയുടെയും വീട്ടമ്മയായ സാറാമ്മ ചാക്കോയുടെയും മകനായി 07. 01.1942 ൽ തിരുവനന്തപുരത്തായിരുന്നു ശ്രീ. വി. സി. ജോണിന്റെ ജനനം.

പിതാവിന്റെ ഔദ്യോഗിക ജീവിതത്തിന്റെ ഭാഗമായി ശ്രീ. വി. സി. ജോണിന്റെ തുടർന്നുള്ള ജീവിതവും പഠനവുമെല്ലാം കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടാണ് നടന്നത്.

ഗവർമെന്റ് പ്രൈമറി സ്കൂൾ പാല, ബാർട്ടൺ ഹിൽ സ്കൂൾ തിരുവനന്തപുരം, സെന്റ് ജോസഫ് ഇംഗ്ലീഷ് ഹൈസ്കൂൾ തിരുവനന്തപുരം, എസ്. സി. സെമിനാരി ഇംഗ്ലീഷ് ഹൈസ്കൂൾ തിരുവല്ല എന്നിവടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് എസ്സ്. ബി. കോളേജ് ചങ്ങനാശ്ശേരി, യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം, ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാട്, എന്നിവടങ്ങളിൽ നിന്ന് കോളേജ് വിദ്യാഭ്യാസവും പൂർത്തിയാക്കി. പിന്നീട് തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ നിന്നും ഇംഗ്ലീഷ് അദ്ധ്യാപനത്തിനുള്ള ഡി. ഐ. ഇ. യും നേടി. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ അദ്ധ്യാപകനായി ജീവിതം തുടങ്ങി.

കഥാകാരനും നാടകകൃത്തുമായ പിതാവിൽ നിന്നും നർമ്മ ബോധമുള്ള മാതാവിൽ നിന്നും ലഭിച്ച ജനിതക

ഗുണവും, നിരൂപകനും, നാടകകൃത്തും, ചിത്രകാരനുമായ അമ്മാവന്റെ പാരമ്പര്യവും മറ്റും ആയിരുന്നിരിക്കാം ശ്രീ. വി. സി. ജോണിനെ ചിത്രകാരനായും കഥാകാരനായും എഴുത്തുകാരനായും സംഘാടകനായും മാറ്റിയതും പ്രോത്സാഹിപ്പിച്ചതും.

മറ്റെന്തിനെക്കാളും ഉപരി താനൊരു കാർട്ടൂണിസ്റ്റായി അറിയപ്പെടാനാണ് അദ്ദേഹത്തിനെന്നും ഇഷ്ടം. ആദ്യ കാർട്ടൂൺ 1960 ൽ തന്റെ പതിനെട്ടാം വയസ്സിൽ കെ. ബാലകൃഷ്ണന്റെ കൗമുദിയിൽ 'നടക്കാതെ പോയ ഉന്നത തല സമ്മേളനം' എന്ന അന്താരാഷ്ട്ര വിഷയത്തെക്കുറിച്ചായിരുന്നു. പിന്നീടങ്ങോട്ട് ജനയുഗം ദിനപ്പത്രം, മലയാള മനോരമ (ഗൾഫ് എഡിഷൻ), ദീപിക, രാഷ്ട്ര ദീപിക, യുവലോകം മാസിക, ന്യൂവിഷൻ, കുട്ടികളുടെ മാസിക, പീപ്പിൾസ് റിപ്പോർട്ടർ, ഓറ മാസിക, ചാലകം, അകംപൊരുൾ, മറ്റനേകം സുവനീറുകൾ. എന്നിവയിലെല്ലാം അദ്ദേഹത്തിന്റെ കാർട്ടൂണുകളും, ലേഖനങ്ങളും പ്രത്യക്ഷപ്പെട്ടു. ഇന്നും പീപ്പിൾസ് റിപ്പോർട്ടറിന്റെ മുൻ പേജിൽ തന്നെ അന്താരാഷ്ട്ര വിഷയങ്ങളെ ആസ്പദമാക്കി വരുന്ന കാർട്ടൂണുകൾ അദ്ദേഹത്തിന്റേതാണ്. ഏറ്റവും അവസാനമായി 2018 മെയ് ഇരുപത്തിയേഴാം തീയതി മാവേലിക്കര ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ മാവേലിക്കര വായനയുടെ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന്റേതായി തിരഞ്ഞെടുത്ത കാർട്ടൂണുകളുടെ ഒരു പ്രദർശനം തന്നെ നടത്തുകയുണ്ടായി.

വിദ്യാഭ്യാസത്തിന് ഒരു പാഠഭേദം, ആരോഗ്യരംഗം എന്നീ കാർട്ടൂൺ സമാഹാരങ്ങൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തോപ്പിൽ ഭാസിയുടെ 'പാഞ്ചാലി' (നാടകം) ഉൾപ്പെടെ വിവിധ കൃതികൾ ഇംഗ്ലീഷിലേക്കും മറ്റുള്ളവ മലയാളത്തിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. മലയാളത്തിലുള്ള തന്റെ ആദ്യ കവിത വിശാല കേരളം വാരികയിലാണ് അച്ചടിച്ചു വന്നത്. ആദ്യ ഇംഗ്ലീഷ് കവിതയ്ക്ക് 'യൂണിവേഴ്സിറ്റി യൂത്ത്' തന്റെ പഠനകാലത്ത് നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. പിന്നീടങ്ങോട്ട് വിവിധ പ്രസിദ്ധീകരണങ്ങളിൽ ചെറുകഥകൾ, ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ, ഹാസ്യലേഖനങ്ങൾ, എന്നിവ പ്രസിദ്ധീകരിച്ചു. ഡി. സി. ബുക്സിന്റെ ഇംഗ്ലീഷ് - ഇംഗ്ലീഷ് - മലയാളം നിഘണ്ടു നിർമ്മാണത്തിൽ പങ്കെടുത്തു. ഒന്നു രണ്ടു സംഘടനകൾക്കു വേണ്ടി അനേകം ഗാനങ്ങളും രചിച്ചു.

ആകാശവാണിയുടെ യുവ വാണി പരിപാടികളിൽ ലഘു നാടകങ്ങൾ അദ്ദേഹത്തിന്റേതായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. വിവിധ വിഷയങ്ങളെക്കുറിച്ച് ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നിന്നും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. ദൂരദർശൻ നാഷണൽ ചാനലിനു വേണ്ടി ആലപ്പുഴ നെഹ്റുട്രോഫി വള്ളം കളി, കൊല്ലം പ്രസിഡന്റ്സ് ട്രോഫി വള്ളം കളി, കോട്ടയം താഴത്തങ്ങാടി വള്ളം കളി, ചെട്ടികുളങ്ങര ഭരണി, എന്നിവയുടെ തൽസമയ ഇംഗ്ലീഷ് കമന്ററി നൽകുന്ന ഇംഗ്ലീഷ് കമന്റേറ്ററായി ഏറെ വർഷങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.

ഇത്രയൊക്കെ കലാ നൈപുണ്യമുള്ള വി. സി. ജോൺ കായിക വിനോദ രംഗത്തും ഒട്ടും പിന്നിലായിരുന്നില്ല. പഠന കാലത്ത് സ്കൂൾ ബാഡ്മിന്റൻ ടീം ക്യാപ്റ്റനായിരുന്നു. ബിഷപ്പ് മൂർ കോളേജ് സ്റ്റാഫ് അസോസിയേഷന്റെ ആദ്യകാല ടെന്നീസ് ചാമ്പ്യനായിരുന്നു.

ബിഷപ്പ് മൂർ കോളേജ് എ.കെ.പി.സി.റ്റി.എ. യൂണിറ്റ്, മാവേലിക്കരയിലെ വിവധ സാംസ്കാരിക പ്രസ്ഥാനങ്ങളായ, കേളി സാംസ്ക്കാരിക സമിതി, എ. ആർ. രാജരാജവർമ്മ സ്മാരക സമിതി, എൻ. പി. സ്മാരക സമിതി, പാറപ്പുറം സ്മാരക സമിതി, സിറ്റിസൻസ് ഫോറം, വായന, ഹാർമണി റസിഡന്റ്സ് അസോസിയേഷൻ, സഹൃദയ വേദി, ബിഷപ്പ് മൂർ കോളേജ് അലുമ്നി അസോസിയേഷൻ, സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ്, റിട്ടയേർഡ് ടീച്ചേഴ്സ് അസ്സോസിയേഷൻ, കേരളാ പെൻഷനേഴ്സ് യൂണിയൻ, പീപ്പിൾസ് റിപ്പോർട്ടർ എന്ന ഇംഗ്ലീഷ് ദ്വൈവാരികയുടെ പ്രിന്റർ ആന്റ് പബ്ലിഷർ എന്നു തുടങ്ങി 'മ'യുടെ വരെയും നിറ സാന്നിദ്ധ്യമാണ് അദ്ദേഹം.

ഇത്രയൊക്കെ കഴിവുകളുണ്ടായിട്ടും പ്രവർത്തന മികവ് തെളിയിക്കപ്പെട്ടിട്ടും ഒരു സംഘടനയുടെയും തലപ്പത്തേക്ക് വരാതെ, അതിന്റെ പിന്നണിയിൽ നിന്ന് പ്രവർത്തിക്കാനാണ് അദ്ദേഹത്തിന് താല്പര്യം.

സർവ്വവിധ കഴിവുകളോടും കൂടിയ പ്രഗത്ഭനായ ഇങ്ങനെയൊരു ഗുരുനാഥനെ മാവേലിക്കര ബിഷപ്പ് മൂർ കോളേജിന് ലഭിച്ചതിൽ പൂർവ്വ വിദ്യാർത്ഥികളായ ഓരോരുത്തർക്കും അഭിമാനിക്കാം.

*('മ' യുടെ അസ്സോസിയേറ്റ് എഡിററർ കെ. എൽ. ഹരി ബാബുവും വൈസ് പ്രസിഡന്റ് ബി. സോമശേഖരൻ ഉണ്ണിത്താനും പലപ്പോഴായി ശ്രീ. വി. സി. ജോൺ സാറുമായി നടത്തിയ അഭിമുഖത്തിൽ നിന്നും രൂപപ്പെടുത്തിയ ലേഖനം.)* ■

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# കേരളം



**1194 തുലാം 9**

**2018 നവംബർ 1**

*പ്രളയം കൊണ്ട് തളരുമ്പോഴും വളരാനുള്ള വ്യഗ്രത വിരളമല്ലെന്ന്, വരൾച്ചയുടെ വായ്ത്തലയിലും നാം പിളരുകയില്ലെന്ന്, ഒരിക്കൽകൂടി ലോകത്തോട് വിളിച്ചുപറയുന്ന ജനുസ്സാണ് മലയാളി.*

*മലയാളിയുടെ മനസ്സിന്റെ ഒളിമങ്ങാത്ത തേജസ്സാണ് മലയാളദിനം-നവംബർ ഒന്ന്.*


*എല്ലാ പ്രീയ മലയാളികൾക്കും മറ്റ് മഹാമനസ്സുകൾക്കും*

*സ്നേഹം നിറഞ്ഞ ആശംസകൾ*

**പത്രാധിപസമിതി, 'മാ'**

**ഒന്ന് നവംബർ രണ്ടായിരത്തി പതിനെട്ട്**

# 'മാ'യുടെ പ്രത്യേക പതിപ്പ് പ്രകാശനം



ഡോ. രാജൻ ഗുരുക്കളോടൊപ്പം അലുമ്നൈ അസോസിയേഷൻ ഭാരവാഹികൾ



ഡോ. രാജൻ ഗുരുക്കൾ 'മാ' പ്രകാശനം ചെയ്ത് പ്രിൻസിപ്പൽ ഡോ. ജേക്കബ് ചാണ്ടിക്ക് നൽകുന്നു.




'മാ'നോസുഖം!

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

# അലുംനൈ അസോസിയേഷൻ ഡോക്ടറേറ്റ് നേടിയ പൂർവ്വ വിദ്യാർത്ഥികൾക്ക് സ്നേഹാദരങ്ങളോടെ പൂച്ചെണ്ട് അലുംനൈ സമ്മേളനത്തിൽ ആദരവ്



**ഡോ. എസ് ദിവ്യ**
അസോ. പ്രൊഫസർ
(ഇംഗ്ലീഷ്)
ബിഷപ്പ് മൂർ കോളജ്,
മാവേലിക്കര



**ഡോ. ലിനറ്റ് ജോസഫ്**
അസോ. പ്രൊഫസർ
(ഫിസിക്സ്)
ബിഷപ്പ് മൂർ കോളജ്,
മാവേലിക്കര



**ഡോ. ലേഖ എസ്. ബാബു**
അസോ. പ്രൊഫസർ
(മലയാളം)
എം.എസ്.എം. കോളജ്,
കായംകുളം



**ഡോ. പ്രീയദർശിനി എസ്സ്**
അസോ. പ്രൊഫസർ
(ഇംഗ്ലീഷ്)
എൻ.എസ്.എസ്. കോളജ്
ചങ്ങനാശ്ശേരി



**ഡോ. രമ്യ ജയൻ**
അസോ. പ്രൊഫസർ
(കെമിസ്ട്രി)
ദേവസ്വം ബോർഡ്
പമ്പാ കോളജ്, പരുമല



**ഡോ. ബീന എം.കെ.**
അസോ. പ്രൊഫസർ,
ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്
(മലയാളം)
എം.എസ്.എം. കോളജ്, കായംകുളം

*With best compliments from!*

THE ALUMNI ASSOCIATION
BISHOP MOORE COLLEGE
MAVELIKARA

**State Bank of India**

**Chennithala Branch**

Ph: 0479 2325207, 2324401

---

**yono SBI**

• BANKING • INVESTING • SHOPPING

**Digital Savings Account**

---

SBI NRI Loans

SBI Saral Personal Loans

Car Loan

Education Loan

Pension Loan

Miscellaneous Services like

SBI Life, SBI Mutural Fund, SBI Cards


✦ഡയമണ്ട് ആഭരണങ്ങൾക്ക്
വമ്പിച്ച ഡിസ്കൗണ്ട്
✦കല്യാണപാർട്ടികൾക്ക്
ഏറ്റവും കുറഞ്ഞ പണിക്കൂലി
✦വെള്ളി ആഭരണങ്ങൾ
പാത്രങ്ങൾ എന്നിവയുടെ
വിപുലമായ ശേഖരം
ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യവുമായി...
ISO 9001 : 2015 CERTIFIED JEWELLER
കൊമ്പശ്ശേരിൽ
ESTD : 1914
യഥാർത്ഥ 100% BIS 916 ഹാൾമാർക്ക് ജ്യുവലറി
മാവേലിക്കര. ഫോൺ: 0479 2302144





വാതരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അർശ്ശസ്, ശ്വാസകോശ രോഗങ്ങൾ
സൈനുസൈറ്റിസ്, ടോൺസിലൈറ്റിസ്, സ്ത്രീ രോഗങ്ങൾ,
വന്ധ്യത, നട്ടെല്ലു സംബന്ധമായ രോഗങ്ങൾ
എന്നിവയ്ക്ക് ഫലപ്രദമായ ചികിത്സ ഇവിടെ ലഭ്യമാണ്

അഭ്യംഗം, വിയർപ്പിക്കൽ, ഇലക്കിഴി, പിഴിച്ചിൽ, ഞവരക്കിഴി,
ശിരോധാര, സ്നേഹപാനം, ഛർദ്ദിപ്പിക്കൽ, വസ്തി, നസ്യം
എന്നീ ചികിത്സകളും ചെയ്തുവരുന്നു.


**രോഗികൾക്ക് താമസിക്കുവാനുള്ള സൗകര്യവും പത്ഥ്യാഹാരവും
ഇവിടെത്തന്നെ ശാസ്ത്രീയമായി തയ്യാറാക്കുന്ന ഔഷധങ്ങളും ലഭ്യമാണ്**

**ചീഫ് ഫിസിഷ്യൻ: ഡോ. ചിത്രരാജൻ** എം.ഡി. (ആയു.)
**ഡോ. സി. അനന്തകൃഷ്ണൻ** എം.ഡി. (ആയു.)









RT.. REV. E.A.L. MOORE

# ma

**MAVELIKARA BISHOP MOORE COLLEGE ALUMNI ASSOCIATION**

**NOVEMBER 2018**

*For Private Circulation only*

MA: Design & Printing
Johnson PRSS, Thattarambalam 8281 35 2727